# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

# ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)79/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 20/03/2024
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ജോയിന്റ് ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
മൂവാറ്റുപുഴ മുനിസിപ്പാലിറ്റി

സർ,

**വിഷയം : മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ

ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ

പകർപ്പ്:

1.സെക്രട്ടറി,തദ്ദേശ സ്വയംഭരണ വകുപ്പ്,തിരുവനന്തപുരം.(ആമുഖക്കത്ത് സഹിതം)
2.ഡയറക്ടർ, നഗരകാര്യവകുപ്പ്, തിരുവനന്തപുരം.(ആമുഖക്കത്ത് സഹിതം)
3.ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.(ആമുഖക്കത്ത് സഹിതം)
4.ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, എറണാകുളം
5.കാര്യാലയ പകർപ്പ്

നമ്പർ: കെ.എസ്.എ.ഇ.കെ.എം.(എം.2)79/2024

തീയ്യതി: 20/03/2024

## എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 36 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 36 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ.സാംകുട്ടി ടി.എൽ | ജോയിന്റ് ഡയറക്ടർ | 08-01-2024 | 20-01-2024 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-01-2024 | 20-01-2024 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

1.ശ്രീ.പോളി ടി.ഒ.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)

2.ശ്രീമതി.മരുൺ മാത്യു,ഓഡിറ്റ് ഓഫീസർ

3.ശ്രീമതി.ഷൈബി ഇ.ഡി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

4.ശ്രീ.അനീഷ് ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ

5.ശ്രീമതി.സ്വപ്ന വി.,ഓഡിറ്റർ

6.ശ്രീ.മുഹമ്മദ് ഷാഫി വി.എം.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ പി പി എൽദോസ് | ചെയർമാൻ | 01-04-2022 | 31-03-2023 |
| ശ്രീ എം മുഹമ്മദ് ആരിഫ് ഖാൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സന്തോഷ് കുമാർ എസ് | മുനിസിപ്പൽ എഞ്ചിനിയർ | 01-04-2022 | 31-03-2023 |
| ശ്രീ മൻസൂർ ടി എ | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2022 | 11-12-2022 |
| ശ്രീ വിഷ്ണു എസ് | അസിസ്റ്റന്റ് | 12-12-2022 | 31-03-2023 |

| | | | |
|---|---|---|---|
| | എഞ്ചിനിയർ | | |
| ഡോ.പദ്മനാഭൻ എം എസ് | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 01-04-2022 | 05-08-2022 |
| ഡോ.എ ബി വിൻസെന്റ് | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 06-08-2022 | 24-08-2022 |
| ഡോ. അനിത ബാബു | സൂപ്രണ്ട്, ജനറൽ ഹോസ്പിറ്റൽ | 25-08-2022 | 31-03-2023 |
| ഡോ. പി സി ഷീല | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2022 | 31-03-2023 |
| ഡോ.ഷീന ആനി തോമസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 27-04-2022 |
| ഡോ.മേരി കുര്യാക്കോസ് തച്ചിൽ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 28-04-2022 | 02-01-2023 |
| ഡോ.മിനി സി കർത്താ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 03-01-2023 | 31-03-2023 |
| ഡോ.കൃഷ്ണദാസ് പി | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീ.തേജോ കെ കൈമൾ | വ്യവസായ വികസന ഓഫീസർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജെസ്സി ഇ എ | ഹെഡ് മിസ്ട്രസ് | 01-04-2022 | 08-06-2022 |
| ശ്രീ ശ്യാമളവർണ്ണൻ പി ജി | ഹെഡ് മാസ്റ്റർ | 09-06-2022 | 31-03-2023 |
| ശ്രീമതി രമ്യ വി എം | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2022 | 05-01-2023 |
| ശ്രീമതി രമ്യ രതീശൻ | ഐ സി ഡി എസ് സൂപ്പർവൈസർ | 06-01-2023 | 13-02-2023 |
| ശ്രീമതി നൈനിമോൾ ഐ ജി | ഐ സി ഡി എസ് സൂപ്പർവൈസർ | 14-02-2023 | 31-03-2023 |
| ശ്രീ വിൻസെന്റ് കെ വി | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ (H I) | 01-04-2022 | 15-06-2022 |
| ശ്രീ സഹദേവൻ ഇ കെ | പ്രൊജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ (H I) | 16-06-2022 | 31-03-2023 |
| ശ്രീ സൈനുദ്ദീൻ കെ | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ഏം | | | |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല. | 1-1-1 |
| 3 | വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല. | 1-1-3 |
| 5 | ബജറ്റ് | 1-2 |
| 6 | വാർഷിക ധനകാര്യപത്രിക | 1-3 |
| 7 | ഗ്രാന്റ് വിനിയോഗം | 1-4 |
| 8 | പദ്ധതി അവലോകനം | 1-5 |
| 9 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 10 | ക്ഷേമപദ്ധതികൾ | 1-7 |
| 11 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 14 | തനതുവരുമാനം - അവലോകനം | 1-11 |
| 15 | കെട്ടിടം ഉപയോഗപ്പെടുത്തിയ അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കിയില്ല | 1-12 |
| 16 | വിനോദ നികുതി - അപാകതകൾ | 1-13 |
| 17 | തൊഴിൽനികുതി - അപാകതകൾ | 1-14 |
| 18 | വെള്ളക്കരം കുടിശ്ശിക തീർപ്പാക്കിയില്ല | 1-15 |
| 19 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ഓഡിറ്റ് നിർദ്ദേശം പാലിച്ചിട്ടില്ല | 1-16 |
| 20 | ഇലക്ഷൻ നിക്ഷേപം - തുടർനടപടി സ്വീകരിച്ചില്ല | 1-17 |
| 21 | രേഖകൾ സൂക്ഷിച്ചില്ല. നഗരസഭയുടെ സ്ഥലം അന്യാധീനപ്പെടാൻ സാധ്യത | 1-18 |
| 22 | കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം യഥാസമയം വിതരണം ചെയ്യുന്നില്ല | 1-19 |
| 23 | വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു. | 1-20 |
| 24 | പി എം എ വൈ ഭവന നിർമ്മാണം - തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. | 1-21 |
| 25 | വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല ചെലവ് തടസ്സപ്പെടുത്തുന്നു. | 1-22 |

| | | |
|---|---|---|
| 26 | നഗരസഭയുടെ ഷീലോഡ്ജ് - ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല | 1-23 |
| 27 | സാമൂഹ്യസുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു | 1-24 |
| 28 | വാടക - അപാകങ്ങൾ | 1-25 |
| 29 | പൊളിച്ചെടുത്ത കോൺക്രീറ്റിംഗ് കട്ടകളുടെ വിവരം ലഭ്യമല്ല. | 1-26 |
| 30 | ബസ് ഷെൽട്ടർ നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല. | 1-27 |
| 31 | മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല | 1-28 |
| 32 | പ്രവൃത്തി ചെയ്ത സ്ഥലം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. | 1-29 |
| 33 | ഡംപിംഗ് യാർഡിൽ സുരക്ഷാക്രമീകരണങ്ങൾ ഉറപ്പ് വരുത്തേണ്ടതാണ് | 1-30 |
| 34 | ഫർണ്ണിച്ചർ വാങ്ങൽ - അധിക തുക ചെലവഴിച്ചു | 1-31 |
| 35 | സിനിമാ തിയേറ്ററുകൾ ഡി&ഒ ലൈസൻസ് കൂടാതെ പ്രവർത്തിക്കുന്നു | 1-32 |
| 36 | ഓഡിറ്റ് ഇംപാക്ട് | 1-33 |
| ഭാഗം **2** | | |
| 1 | കെട്ടിടം ഉപയോഗപ്പെടുത്തിയ അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കിയില്ല | 2-1 |
| ഭാഗം **3** | | |
| 1 | ഫർണ്ണിച്ചർ വാങ്ങൽ - അധികതുക ചെലവഴിച്ചു | 3-1 |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം –1

## പൊതു അവലോകനം

### 1–1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1.മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2023 മാർച്ച് 31 – ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2023 തീയതി പ്രകാരമുള്ള ആസ്തി ബാധ്യത സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 14.07.2023 ലെ 1–ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 14.07.2023 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും അനുബന്ധ ഫോറങ്ങളും അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4), 2007 ലെ കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് 1994, കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ് 1996, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/ സംസ്ഥാന സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് നഗരസഭ സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2.C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ, നഗരപാലിക സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യ പത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യ പത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യ പത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ നഗരപാലിക സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാന എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ

അടിസ്ഥാനം എന്റെ റിപ്പോർട്ട് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3.എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മൂവാറ്റുപുഴ മുനിസിപ്പാലിറ്റിയുടെ 2022-23 വർഷത്തേക്കുള്ള വാർഷിക ധനകാര്യ പത്രികകൾ 31.03.2023 ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക ഇടപാടുകളുടെയും 31.03.2023 ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം: എറണാകുളം

തീയതി: 20/03/2024 **ജോയിന്റ് ഡയറക്ടർ**

**1-1-1 അടിസ്ഥാന അനുപാതങ്ങളും കുറിപ്പുകളും ഉൾപ്പെടുത്തിയിട്ടില്ല.**

കേരള മുനിസിപ്പാലിറ്റി (അക്കൗണ്ട്സ്) ചട്ടങ്ങൾ 2007, ചട്ടം 58(ഇ), 58(എഫ്) എന്നിവ പ്രകാരമുള്ള കുറിപ്പുകളും അടിസ്ഥാന അനുപാതങ്ങളും വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

**1-1-2 വരവുകൾക്ക് യഥാസമയം ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.**

അക്രു ചെയ്യുന്ന വരവുകൾക്ക് വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് രേഖപ്പെടുത്തുന്നില്ല.

**1-1-3 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല.**

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയർ സ്റ്റേറ്റ്മെന്റും വാർഷികകണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

**1-2 ബജറ്റ്**

നഗരസഭയുടെ 2022-23 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 25.02.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് കൗൺസിലിന് സമർപ്പിച്ചിട്ടുണ്ട്. ആയത് 15.03.2022 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം നഗരസഭ അംഗീകരിച്ച് പാസ്സാക്കിയിട്ടുണ്ട്.

| | |
|---|---|
| മുന്നിരുപ്പ് | ₹4716300 |
| വരവ് | ₹891517333 |
| ആകെ | ₹896233633 |
| ചെലവ് | ₹891058733 |
| നീക്കിയിരുപ്പ് | ₹5174900 |

കേരള മുനിസിപ്പാലിറ്റി ആക്ട് 1994, സെക്ഷൻ 293 പ്രകാരം മുനിസിപ്പാലിറ്റികളുടെ ബജറ്റ് നിർണ്ണയിക്കപ്പെടുന്ന ഫോറത്തിലും രീതിയിലും തയ്യാറാക്കുന്നതിനും ആയതിന് മാറ്റങ്ങളില്ലാതെയോ മാറ്റങ്ങളോടുകൂടിയോ കൗൺസിൽ അംഗീകാരം നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ മുനിസിപ്പാലിറ്റികൾക്ക് വേണ്ടിയുള്ള ബജറ്റ് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

## 1-3 വാർഷിക ധനകാര്യപത്രിക

| | | |
|---|---|---|
| മുന്നിരുപ്പ് | : | ₹51153557.20 |
| ഓഡിറ്റ് വർഷത്തെ വരവ് | : | ₹248028092.00 |
| ആകെ | : | ₹299181649.20 |
| ഓഡിറ്റ് വർഷത്തെ ചെലവ് | : | ₹241002070.00 |
| നീക്കിയിരുപ്പ് | : | ₹58179579.20 |

ഓഡിറ്റ് വർഷത്തെ ആകെ വരവ് ആകെ ചെലവ് എന്നിവ വാർഷിക ധനകാര്യപത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ നിന്നും എടുത്തിട്ടുള്ളതാണ്. ഈ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത വരവുകൾ-ചെലവുകൾ തുടർന്നു വരുന്ന ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഇനം | മുന്നിരിപ്പ് (₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കി യിരിപ്പ്(₹) | ചെലവഴിക്കാതെ ലാപ്സായ തുക(₹) |
|---|---|---|---|---|---|---|
| വികസനഫണ്ട്-ജനറൽ | 0 | 33596292 | 33596292 | 25619513 | | 7976779 |
| വികസനഫണ്ട് -SCP | 0 | 6790508 | 6790508 | 3595496 | | 3195012 |
| വികസനഫണ്ട് -TSP | 0 | 786200 | 786200 | 415998 | | 370202 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട്-സി എഫ് സി ബേസിക് - ട്രഷറി | 0 | 5,88,722 | 5,88,722 | 577016 | | 11706 |
| CFC -Basic (Bank) | 12,71,650 | 3918000+ പലിശ 142973= 4060973 | 5332623 | 6683930 | -1351307 | - |
| CFC-Tied (Try) | 0 | 5903283 | 5903283 | 4868452 | | 1034831 |
| CFC-Tied (Bank) | 35,40,051 | 5877000 | 9417051 | 7992405 | 1424646 | |
| മെയിന്റനൻസ് ഗ്രാന്റ് -റോഡ് | 0 | 25096000 | 25096000 | 21381686 | | 3714314 |
| മെയിന്റനൻസ് ഗ്രാന്റ്-നോൺ റോഡ് | 0 | 10066200 | 10066200 | 9429999 | | 636201 |
| ഗ്രാന്റ് സെൻട്രൽ 320802000 | 1231294 | 5010859 | 6242153 | 5824686 | 417467 | |
| ഗ്രാന്റ് സെൻട്രൽ 320100100 | 6367222 | 3960216 | 10327438 | 2455178 | 7872260 | |
| ഹെൽത്ത് ഗ്രാന്റ് 320 200206 | 0 | 8305791 | 8305791 | 2594931 | 5710860 | |
| മറ്റ് ഗ്രാന്റ് 320 809900 | 9970629 | 22753889 | 32724518 | 14091693 | 18632825 | |
| ദുരിതാശ്വാസനിധി 311110100 | 34,315 | 1363 | 35678 | - | 35678 | |
| Donations To Pandemic/ Epidemic Control 320809700 | 71 | 1 | 72 | 72 | 0 | |

(1) അങ്കണവാടി ജീവനക്കാരുടെ പ്രതിഫലയിനത്തിൽ ₹1270200/- യും ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ ₹22,93,334/-യും വികസനഫണ്ട്-ജനറലിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്(ആകെ ₹35,63,534/- ).

(2) ലൈഫ് മിഷൻ വായ്പാ തിരിച്ചടവിൽ ₹1,06,668/- വികസനഫണ്ട് -SCP യിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തിട്ടുണ്ട്.

(3) സി എഫ് സി ബേസിക്, ടൈഡ് എന്നിവ ഒരു അക്കൗണ്ടിലാണ്. സി.എഫ്.സി. ബേസികിൽ ബാലൻസ് ഇല്ലാതിരിക്കെ പി.എഫ്.എം.എസ്. വഴി ടൈഡിന്റെ ഫണ്ടിൽ നിന്നും പണം പിൻവലിച്ചു. സി.എഫ്.സി. അക്കൗണ്ടിന്റെ ബാലൻസ് ₹73339 (1424646-1351307)

(4) Grant For Projects - ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെ പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| RMSA (Rashtriya Madhyamik Shiksha | 3,83,755 | - | 3,83,755 | - | 3,83,755 |

| | | | | | |
|---|---|---|---|---|---|
| Abhiyan) | | | | | |
| AUEGS ഫണ്ട് | 7,23,339 | 50,10,859 | 57,34,198 | 57,27,294 | 6,904 |
| Taluk Hospital | 1,24,200 | - | 1,24,200 | 97,392 | 26,808 |
| ആകെ | 12,31,294 | 50,10,859 | 62,42,153 | 58,24,686 | 4,17,467 |

(5)320100100 കേന്ദ്രഗ്രാന്റിൽ ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെപ്പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| NULM | 0 | 6,53,048 | 6,53,048 | 6,53,048 | 0 |
| SWM വിഹിതം | 16,19,564 | 2,61,057 | 18,80,621 | - | 18,80,621 |
| Swachh Bharath | 6,96,352 | 4,465 | 7,00,817 | 7,00,817 | - |
| SNP | 3,87,745 | 16,89,040 | 20,76,785 | 11,01,313 | 9,75,472 |
| ILCS | 36,55,561 | 5,38,871 | 41,94,432 | - | 41,94,432 |
| Pre Monnsoon | 0 | 2,80,000 | 2,80,000 | - | 2,80,000 |
| NSDP | | 3,63,476 | 3,63,476 | - | 3,63,476 |
| PCP | - | 1,70,259 | 1,70,259 | - | 1,70,259 |
| Vimukthi | 8,000 | - | 8,000 | - | 8,000 |
| ആകെ | 63,67,222 | 39,60,216 | 10,327,438 | 24,55,178 | 78,72,260 |

(6) മറ്റ് ഗ്രാന്റ് 320809900- ഉൾപ്പെട്ടിട്ടുള്ള ഫണ്ടുകളുടെ വിനിയോഗം താഴെ പറയും പ്രകാരമാണ്.

| ഫണ്ട് | മുന്നിരിപ്പ്(₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ്(₹) |
|---|---|---|---|---|---|
| PMAY | 9896152 | 13979614 | 23875766 | 14048818 | 9826948 |
| PMAY Ownfund | | 46467 | 46467 | - | 46467 |
| EMS | -- | 4260665 | 4260665 | - | 4260665 |
| IHSDP UBI | - | 4267156 | 4267156 | - | 4267156 |
| HSDP Canara | | 199987 | 199987 | - | 199987 |
| Baby Friendly Toilet | 36000 | - | 36000 | 16524 | 19476 |
| ICDS Toilet | 10000 | | 10000 | - | 10000 |
| അംഗൻവാടി നെയിം ബോർഡ് | 28477 | - | 28477 | 26351 | 2126 |
| ആകെ | 9970629 | 22753889 | 32724518 | 14091693 | 18632825 |

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ( ₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 216 | 127196208 | 144 | 84779093 | 0 | 72 | 66.67 |

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരുപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ്(₹) |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് | 723339 | 4391574 + 11909 ( പലിശ) | 5126822 | 5118868 | 7954 |
| ഭരണചെലവുകൾ | 0 | 608426 | 608426 | 608426 | 0 |
| ആകെ | 723339 | 5011909 | 5735248 | 5727294 | 7954 (1050 ഗവൺമെന്റ് റിഡംപ്ഷൻ കഴിഞ്ഞ് 6904 അക്കൗണ്ടിൽ അവശേഷിക്കുന്നു) |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക(₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 547200 | 62 |
| വിധവാപെൻഷൻ | 11449800 | 36 |
| വാർദ്ധക്യകാല പെൻഷൻ | 25903400 | 115 |
| വികലാംഗപെൻഷൻ | 3047400 | 12 |
| അവിവാഹിതരായ 50 വയസ്സിനുമുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 262400 | 50 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 150000 | 5 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10.1.2024 തീയതിയിൽ ഉച്ചയ്ക്ക് 3.00 PM സമയത്ത് സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ നടത്തി. ക്യാഷ് ബാലൻസ് ₹67864/- ന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

മുനിസിപ്പാലിറ്റിയിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. രജിസ്റ്ററുകളും ഫയലുകളും നല്ല രീതിയിൽ പരിപാലിച്ചിട്ടുണ്ട്. ഓഫീസ് ഓർഡർ വഴി കാലാകാലങ്ങളിൽ ചുമതലാ വിഭജനം നടത്തി സെക്ഷനുകളുടെ ചുമതലകളിൽ ക്രമീകരണം വരുത്തിയിട്ടുണ്ട്. മുനിസിപ്പാലിറ്റിയുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ ഭരണസമിതി ചർച്ച ചെയ്തിട്ടില്ല. സാധനങ്ങളും സേവനങ്ങളും വാങ്ങുന്നതിന് വാർഷികാവശ്യങ്ങളെ തിട്ടപ്പെടുത്തിയുള്ള പ്രൊക്വയർമെന്റ് പ്ലാനും ബജറ്റും തയ്യാറാക്കാതെ, ഓരോ നിർവ്വഹണോദ്യോഗസ്ഥനെയും വാങ്ങലിന് ചുമതലപ്പെടുത്തുന്ന രീതിയാണുള്ളത്. സേവനങ്ങൾക്കുള്ള ഏകജാലക സംവിധാനമായ ഫ്രണ്ട് ഓഫീസ് സംവിധാനം

കാര്യക്ഷമമായി പ്രവർത്തിച്ച് വരുന്നുണ്ട്. പദ്ധതികളുടെ നിർവഹണം കാര്യക്ഷമമാണോ എന്ന് മോണിറ്ററിംഗ് സമിതി കൃത്യമായി പരിശോധിക്കുന്നില്ല. പദ്ധതികളുടെ നിർവഹണം സംബന്ധിച്ച മോണിറ്ററിംഗ് കാര്യക്ഷമമാക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2016 | 2013-14 മുതൽ 2015-16 ആദ്യ പകുതി വരെ | 11.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.01.2021 | 2017-18 മുതൽ 2019-20 വരെ | 29.03.2021 |

## 1-11 തനതുവരുമാനം - അവലോകനം

13.18 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള മൂവാറ്റുപുഴ നഗരസഭ 28 വാർഡുകളിലായി വ്യാപിച്ചാണ് സ്ഥിതി ചെയ്യുന്നത്. തനതുവരുമാനങ്ങളായ നികുതി, ഫീസ്, വാടക, ലേലതുക തുടങ്ങി നികുതി- നികുതി ഇതര വരവുകൾ മെച്ചപ്പെടുത്തുന്നതിന്റെ സാധ്യത സംബന്ധിച്ച അവലോകന വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**1)വാടക വർദ്ധനവ് സംബന്ധിച്ച തീരുമാനം വൈകുന്നു**

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധനവ് അംഗീകരിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ 18.07.2022 ലെ നഗരസഭ കൗൺസിലിന്റെ സാധാരണ യോഗത്തിൽ പാസാക്കിയിരുന്നു. വാടക വർദ്ധനവ് സംബന്ധിച്ച് ലൈസൻസികൾക്ക് നോട്ടീസ് നൽകിയതിനെ തുടർന്ന് ലൈസൻസികൾ വാടക വർദ്ധനവിനെതിരെ 9 കേസുകൾ ഫയൽ ചെയ്തിരുന്നു. WP(C) Nos. 1314/23, 1372/23, 1804/23, 1965/23 എന്നീ കേസുകൾക്ക് 02.02.2023 ലും, WP(C) Nos. 2898/23, 507/23, 33559/22, 42411/22 എന്നീ കേസുകൾക്ക് 07.02.2023 ലും, WP(C) No.10035/23 കേസിന് 22.03.23 ലും ബഹു. കേരള ഹൈക്കോടതി ജഡ്ജ്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സമാന വിധിയാണ് എല്ലാ കേസുകളിലും പുറപ്പെടുവിച്ചിട്ടുള്ളത്. ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം, ഹർജിക്കാരുടെ തടസ്സവാദങ്ങൾ കേൾക്കാനും ശേഷം ഒരു മാസത്തിനകം ഉചിതമായ തീരുമാനം എടുക്കുവാൻ കൗൺസിലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെയും വാടക വർദ്ധന നടപ്പിലാക്കിയിട്ടില്ല.

2)തൊഴിൽ നികുതി

തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥരായ ജീവനക്കാരുടെയും, സ്ഥാപനങ്ങളുടെയും, കരാറുകാർ, റേഷൻകട വ്യാപാരികൾ, സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങിയ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായവരുടെ വാർഡ് തിരിച്ചുള്ള സമ്പൂർണ്ണ ഡാറ്റാ ബേസ് തയ്യാറാക്കി നഗരസഭ സൂക്ഷിക്കേണ്ടതാണ്. പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്ന പക്ഷം പ്രസ്തുത ഡാറ്റാബേസ് വിപുലീകരിക്കേണ്ടതാണ്. നഗരസഭയിൽ ജീവനക്കാരുടെ തൊഴിൽ നികുതി ഒടുക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന രജിസ്റ്ററാണ് നിലവിലുള്ളത്. ആയതിനാൽ നഗരസഭയിലെ എല്ലാ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവയുടെ ഒടുക്ക് സംബന്ധിച്ച പരിശോധന

സാധ്യമാകുന്നില്ല. തൊഴിൽ നികുതി ഫയലുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ഖണ്ഡിക 1-13 ൽ ചേർത്തിട്ടുണ്ട്.

3)ലൈസൻസ്

ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളുടെ വാർഡ് തിരിച്ചുള്ള വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുന്നില്ല. ആയതിനാൽ നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടോ എന്ന് വ്യക്തമല്ല. നിലവിൽ നഗരസഭയിൽ ലൈസൻസ് ഫീ അടവാക്കുന്ന സ്ഥാപനങ്ങൾ മാത്രം ഉൾപ്പെടുന്ന ലിസ്റ്റാണുള്ളത്.

4)വിനോദ നികുതി

നഗരസഭ പരിധിയിലുള്ള 4 സിനിമാ തീയറ്ററിൽ നിന്ന് 2022-23 സാമ്പത്തിക വർഷത്തിൽ വിനോദ നികുതി ഇനത്തിൽ ₹3525492/- നഗരസഭയ്ക്ക് ലഭിച്ചിട്ടുണ്ട്. സിനിമാ തീയറ്ററുകളുടെ ഉടമസ്ഥർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള ടിക്കറ്റുകളുടെ എണ്ണത്തിന് ആനുപാതികമായാണ് വിനോദ നികുതി തീയറ്ററുകൾ അടവാക്കിയിരിക്കുന്നത്. എന്നാൽ തീയറ്ററുകൾ ജി.എസ്.ടി വകുപ്പിലേക്ക് അടവാക്കിയിട്ടുള്ള റിട്ടേണുകൾ പ്രകാരമുള്ള ടിക്കറ്റുകളുടെ എണ്ണവും തീയറ്ററിന്റെ ഉടമസ്ഥർ സാക്ഷ്യപ്പെടുത്തി നൽകിയ ടിക്കറ്റുകളുടെ എണ്ണവും ഒന്ന് തന്നെയെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമല്ല.

5)വസ്തു നികുതി

വസ്തു നികുതി ഇനത്തിൽ നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

| | |
|---|---|
| തൻവർഷം | ₹4297256/- |
| മുൻവർഷങ്ങളിലേത് | ₹513552/- |
| ആകെ | ₹4810808 |

ആയത് പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ഭരണസമിതി നടപടി സ്വീകരിക്കേണ്ടതാണ്.

6)മറ്റ് വരവുകൾ

മറ്റ് വരവിനങ്ങളിൽ നിന്നും നഗരസഭയ്ക്ക് നാളിതുവരെ ലഭിക്കാനുള്ള കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ

| ക്രമ നമ്പർ | ഇനം | തുക |
|---|---|---|
| 1 | ലൈസൻസ് ഫീസ് (തൻവർഷം) | ₹205600 |
| 2 | ലൈസൻസ് ഫീസ് (മുൻവർഷങ്ങളിലേത്) | ₹41375 |
| 3 | സ്ഥാപന തൊഴിൽനികുതി (തൻവർഷം) | ₹377000 |
| 4 | സ്ഥാപന തൊഴിൽനികുതി (മുൻവർഷങ്ങളിലേത്) | ₹2224240 |

| | | |
|---|---|---|
| 5 | വാടക (തൻവർഷം) | ₹1080593 |
| 6 | വാടക (മുൻവർഷങ്ങളിലേത്) | ₹1083571 |
| 7 | പാട്ടം (തൻവർഷം) | ₹14892 |
| 8 | പാട്ടം (മുൻവർഷങ്ങളിലേത്) | ₹121467 |
| 9 | മറ്റു വരവുകൾ (തൻവർഷം) | ₹14834200 |
| 10 | മറ്റു വരവുകൾ (മുൻവർഷങ്ങളിലേത്) | ₹37179373 |
| | ആകെ | ₹57162311 |

തനത് വരുമാനം മെച്ചപ്പെടുത്തുന്നതിനുള്ള ഓഡിറ്റ് നിർദ്ദേശങ്ങൾ

1) നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾക്ക് വാടക വർദ്ധനവ് നടപ്പിലാക്കി, പുതിയ നിരക്കിലുള്ള വാടക ഈടാക്കേണ്ടതാണ്.

2) തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ജീവനക്കാരുടെ തൊഴിൽ നികുതി പിരിക്കുന്നത് രേഖപ്പെടുത്തുവാനായി വാർഡ് തലത്തിലുള്ള രജിസ്റ്റർ സൂക്ഷിക്കേണ്ടതും ലൈസൻസ് ഈടാക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് കൃത്യമായി ഈടാക്കേണ്ടതുമാണ്.

3) നഗരസഭ പരിധിയിൽ ലൈസൻസെടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലെന്ന് ഫീൽഡുതല പരിശോധന നടത്തി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും, ഡിവിഷൻ അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് ഓരോ സാമ്പത്തിക വർഷത്തിലും ഫീൽഡുതല പരിശോധനയുടെ അടിസ്ഥാനത്തിൽ പുതുക്കേണ്ടതുമാണ്.

4) സിനിമാ തീയറ്റർ ജി.എസ്.ടി വകുപ്പിൽ അടവാക്കുന്ന റിട്ടേണുകളുടെ വിവരങ്ങൾ ആവശ്യപ്പെടേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ദിവസത്തെ വിൽക്കുന്ന ടിക്കറ്റുകളുടെ എണ്ണം തീയറ്ററിന്റെ മാനേജർ സാക്ഷ്യപ്പെടുത്തി നൽകുന്ന വിനോദ നികുതിയുടെ കളക്ഷൻ റിപ്പോർട്ടിലേതുമായി താരതമ്യം നടത്തി കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്.

5) നഗരസഭ വാർഡുകളിലെ കെട്ടിടങ്ങളുടെ വർഷംതോറുമുള്ള വസ്തു നികുതി കുടിശ്ശിക റിപ്പോർട്ടുകൾ പ്രകാരം കുടിശ്ശിക വരുത്തുന്ന കെട്ടിട ഉടമകളിൽ നിന്നും കുടിശ്ശിക ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

6) മറ്റുവരവുകളുടെ കുടിശിക ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 കെട്ടിടം ഉപയോഗപെടുത്തിയ അർദ്ധവർഷം മുതൽ വസ്തുനികുതി ഈടാക്കിയില്ല

വെള്ളൂർക്കുന്നം മഹാദേവക്ഷേത്ര ട്രസ്റ്റിന്റെ ഉടമസ്ഥതയിൽ 1804 ച. മീ.വിസ്തൃതിയുള്ള D വിനിയോഗഗണത്തിൽപ്പെട്ട ഊട്ടുപുര ഓഡിറ്റോറിയം കെട്ടിട നിർമ്മാണ അനുമതിയില്ലാതെ നിർമ്മിക്കുകയും, 26/04/2015ന് ഉദ്ഘാടനം ചെയ്ത്

അന്നുമുതൽ ഉപയോഗിക്കുകയും ചെയ്തിരുന്നു. കെട്ടിടം ക്രമവത്കരിക്കുന്നതിന് 25/03/2018ന് PW4-BA-063/17-18 പ്രകാരം അപേക്ഷ നൽകിയിരുന്നു. 2019ലെ കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങളിലെ ചട്ടം 92 പ്രകാരം 17/11/2022ന് (PW4-B4/359773/2022) ക്രമവത്കരിക്കുകയും, 18/03/2022ന് ഒക്യുപെൻസി അനുവദിക്കുകയും ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ XXIII/186A, XXIII/186B എന്നീ കെട്ടിട നമ്പറുകൾ നൽകി ആകെ വാർഷിക വസ്തുനികുതി ₹1,30,302/- നിർണ്ണയിച്ച് 2022-23 അർദ്ധവർഷം മുതൽ ഈടാക്കിയിട്ടുണ്ട്.
കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരം ഏതെങ്കിലും കെട്ടിടം ഏതെങ്കിലും ആവശ്യത്തിന് ഉപയോഗപ്പെടുത്തിയാൽ ആ അർദ്ധവർഷാരംഭം മുതൽ വാർഷികവസ്തുനികുതി ഒടുക്കുവാൻ ബാധ്യസ്ഥനാകുന്നതാണ്. എന്നാൽ, മേൽ സൂചിപ്പിച്ച കെട്ടിടം റെഗുലറൈസ് ചെയ്ത 2022-23 രണ്ടാം അർദ്ധവർഷം മുതൽ മാത്രമാണ് വസ്തുനികുതി ഈടാക്കിയിട്ടുള്ളത്. ആയതിനാൽ, കെട്ടിടം റെഗുലറൈസ് ചെയ്ത് ഒക്യുപെൻസി നൽകിയപ്പോൾ കെട്ടിടം ഉപയോഗപ്പെടുത്തിയ 2015-16 ഒന്നാം അർദ്ധവർഷം മുതൽ 2022-23 ഒന്നാം അർദ്ധവർഷം വരെയുള്ള 15 അർദ്ധവർഷങ്ങളിലേയും വസ്തുനികുതി ₹9,77,265/- ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരങ്ങൾ ഖണ്ഡിക 2-1ൽ ചേർത്തിട്ടുണ്ട്.

## 1-13 വിനോദ നികുതി - അപാകതകൾ

തീയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് നടപ്പാക്കുന്നത് സംബന്ധിച്ച് 04.01.2020 തീയതിയിലെ സ.ഉ.(സാധാ) 101/2020/ത.സ്വ.ഭ.വ നം. ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതുപ്രകാരം സർക്കാരിന്റെ ഇ-ടിക്കറ്റിംഗ് സോഫ്റ്റ്‌വെയറിലൂടെ വിൽപ്പന നടത്തുന്ന ടിക്കറ്റുകളുടെ ഡെയിലി കളക്ഷൻ റിപ്പോർട്ട് (ഡി.സി.ആർ) ഉൾപ്പെടെയുള്ള വിവരങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓൺലൈനായി കൈമാറേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ, 2022-23 സാമ്പത്തികവർഷത്തിൽ നഗരസഭയിലെ 4 തിയറ്ററുകളിൽ നിന്നും വിനോദ നികുതി അടവാക്കിയിട്ടുണ്ടെങ്കിലും ആയതിന്റെ കൃത്യത നഗരസഭ പരിശോധിക്കുന്നില്ല. കൂടാതെ വിനോദ നികുതിയുടെ കൃത്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ തീയേറ്റർ പരിശോധന നടത്തിയതായി രേഖകളില്ല. വിൽപ്പന നടത്തിയ ടിക്കറ്റുകളുടെ എണ്ണം, ഈടാക്കിയ വിനോദനികുതി എന്നിവ രേഖപ്പെടുത്തിയ ഡിമാന്റ് രജിസ്റ്റർ അപൂർണ്ണമാണ്.

മേൽ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 25/20.01.2024) മറുപടി ലഭിച്ചില്ല. ആയതിനാൽ, നഗരസഭാപരിധിയിലുള്ള സിനിമാ തീയറ്ററുകളിൽ നിന്നും ജി എസ് ടി റിട്ടേൺ സ്റ്റേറ്റ്മെന്റ് ആവശ്യപ്പെട്ട് വിൽപ്പന നടത്തിയ ടിക്കറ്റുകൾക്ക്

ആനുപാതികമായിട്ടാണോ വിനോദനികുതി അടവാക്കിയതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. വിനോദനികുതി ഡിമാന്റ് രജിസ്റ്ററും പൂർണ്ണമാക്കേണ്ടതാണ്.

## 1-14 തൊഴിൽനികുതി - അപാകതകൾ

1994 ലെ കേരളാ മുനിസിപ്പാലിറ്റി ആക്റ്റ് സെക്ഷൻ നമ്പർ 245, 247, 2005 ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങൾ, ചട്ടം 3(2) എന്നിവ പ്രകാരം ഓരോ അർദ്ധവർഷവും നഗരസഭ പ്രദേശത്ത് അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്ന ഏതൊരാളിൽ നിന്നും ബാധകമായ തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ലഭ്യമാക്കിയ തൊഴിൽ നികുതി രജിസ്റ്ററുകൾ, റിട്ടേണുകൾ എന്നിവ പരിശോധിച്ചത് പ്രകാരം കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽ നികുതി രജിസ്റ്റർ കാലികമാക്കി ഡി.സി.ബി രേഖപ്പെടുത്തി ബന്ധപ്പെട്ടവർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) 2022-23 ലെ തൊഴിൽ നികുതി രജിസ്റ്റർ/ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ നഗരസഭയിൽ നിന്നും ലൈസൻസ് എടുത്ത് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും നോട്ടീസ് നൽകി ജീവനക്കാരുടെ വരുമാനപത്രിക ലഭ്യമാക്കി തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയതായി കാണുന്നില്ല.

3) 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ദ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ നിന്നും ₹1250/- അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്നവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

4) 2005 ലെ കേരള മുൻസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ, ചട്ടം 3.2.10 പ്രകാരം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. 2022-23 സാമ്പത്തികവർഷം നഗരസഭാ പരിധിയിൽ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരുടെ വിശദാംശങ്ങൾ അവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

5) സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

6) മുനിസിപ്പൽ പ്രദേശത്ത് തൊഴിലിലോ, കലയിലോ, ജോലിയിലോ

ഏർപ്പെടുകയോ, ബിസിനസ്സ് നടത്തുകയോ, പൊതുവായതോ സ്വകാര്യമായതോ ആയ ഉദ്യോഗം വഹിക്കുകയോ ചെയ്യുന്നുവെങ്കിൽ തൊഴിൽ നികുതി അടയ്ക്കാൻ ബാധ്യസ്ഥമാണ്. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുക, ജീവനക്കാരുടെ വിവരം ആവശ്യപ്പെടുക എന്നീ നടപടിക്രമങ്ങൾ കാര്യക്ഷമമാക്കുന്നതിനായി എല്ലാ സ്ഥാപനങ്ങളുടേയും വിശദാംശങ്ങൾ അടങ്ങിയ ഡാറ്റാബേസ് സൂക്ഷിച്ചിട്ടില്ല.

7) 2005 ലെ കേരള മുനിസിപ്പാലിറ്റി(തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 3(2), 3(8) എന്നിവ പ്രകാരം ആധാരമെഴുത്തുകാരും, സ്റ്റാമ്പ് വെണ്ടർമാരും തൊഴിൽ നികുതി അടയ്ക്കുന്നതിന് ബാദ്ധ്യസ്ഥരാണ്. നഗരസഭാ പരിധിയിൽ വരുന്ന സബ് രജിസ്ട്രാർ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ആധാരമെഴുത്തുകാർ, സ്റ്റാമ്പ് വെണ്ടർമാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

## 1-15 വെള്ളക്കരം കുടിശ്ശിക തീർപ്പാക്കിയില്ല

നഗരസഭയുടെ ശ്രമഫലമായി വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് പൊതുടാപ്പുകൾ മുഴുവനും 03.03.2022-ൽ റദ്ദ് ചെയ്തതായി വാട്ടർ അതോറിട്ടിയിൽ നിന്ന് കത്ത് ലഭിച്ചിട്ടുണ്ട്. നഗരസഭയിൽ അവസാനം ലഭിച്ചിട്ടുള്ള 09.10.2023 തീയതിയിലെ ബിൽ പ്രകാരം (ബിൽ നമ്പർ 78329) പൊതുടാപ്പുകളൊന്നും നിലവിലില്ല. എന്നാൽ 30.09.2023 വരെയുള്ള കുടിശ്ശിക ₹921869.00, ഫൈൻ ₹18083.00 എന്നിവ ചേർത്ത് ആകെ ₹939952.00-യുടെ ഡിമാൻഡ് നോട്ടീസ് ആണ് ലഭ്യമായിട്ടുള്ളത്. കേരളാ വാട്ടർ അതോറിട്ടിയിൽ നിന്നുള്ള 09.01.2023 തീയതിയിലെ MPA/ST/8/22 നമ്പർ കത്തിൽ അത് വരെയുള്ള കുടിശ്ശികയിൽ ആംനസ്റ്റി പദ്ധതി പ്രകാരം ₹468721.00 ഒറ്റത്തവണ അടവാക്കി കുടിശ്ശിക തീർപ്പാക്കാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നിലവിൽ വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് കുടിശ്ശിക തീർപ്പാക്കിയിട്ടുണ്ടെങ്കിൽ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 16.01.2024 ൽ 13-ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കി. ടാപ്പുകൾ വിച്ഛേദിക്കുന്നതിന് വാട്ടർ അതോറിട്ടിയിൽ തുക അടവാക്കിയിട്ടുള്ളതിനാൽ കുടിശ്ശിക അടവാക്കില്ലെന്ന് വാട്ടർ അതോറിട്ടിയെ അറിയിച്ചിരുന്നെന്നും വിഷയത്തിൽ കേരളാ വാട്ടർ അതോറിട്ടി മാനേജിംഗ് ഡയറക്ടർക്ക് 14.06.2022-ന് കത്ത് നൽകിയിട്ടുണ്ടെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. നിലവിലും കുടിശ്ശിക അടവാക്കാൻ ഡിമാൻഡ് നോട്ടീസ് ലഭ്യമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വാട്ടർ അതോറിട്ടിയുമായി ബന്ധപ്പെട്ട് വിഷയത്തിൽ വ്യക്തത വരുത്തേണ്ടതും ബില്ലിൽ നിന്ന് കുടിശ്ശിക ഒഴിവാക്കി തീർപ്പാക്കേണ്ടതുമാണ്.

## 1-16 ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് -ഓഡിറ്റ് നിർദ്ദേശം പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ടിന്റെ പേര് | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് ബത്ത, സ്കോളർഷിപ്പ് നൽകൽ |
| പ്രോജക്ട് നം | S0164/23 |

| | |
|---|---|
| അടങ്കൽ | 1759895/- (1743895/-വികസന ഫണ്ട്-സാധാരണം, 16000/- മറ്റുള്ളവ) |
| ചെലവ് | 1687800/- (1671800/-വികസന ഫണ്ട്-സാധാരണം, 16000/- മറ്റുള്ളവ) |
| ബിൽ നമ്പർ/ഡിഡി നമ്പർ/തീയതി/ തുക | 1)180/ 28.12.2022, തുക ₹491400.00<br>2)272/26.02.2023 തുക ₹916800.00<br>3)273/26.02.2023 തുക ₹18500.00<br>4)274/ 27.02.2023 ₹18500.00<br>5)301/ 07.03.2023 ₹62000.00<br>6)316/ 13.03.2023 ₹55500.00<br>7)602176 / 25.03.2023 ₹ 16000.00<br>8)327/ 15.03.2023 ₹28500.00<br>9)340/17.03.2023 ₹28500.00<br>10)348/17.03.2023 ₹52100.00 |

പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗ്ഗരേഖ സ ഉ(കൈ) നമ്പർ 115/2022 തസ്വഭവ തീയതി 28.05.2022 ഖണ്ഡിക നമ്പർ 7.1.7, കുറിപ്പ് 1 പ്രകാരം ഗുണഭോക്താക്കൾ ഏത് തദ്ദേശഭരണ സ്ഥാപനത്തിലെ സ്ഥിരതാമസക്കാരാണോ ആ സ്ഥാപനമാണ് അവർക്ക് ധനസഹായം നൽകേണ്ടത്. എന്നാൽ ഐ സി ഡി എസ് സൂപ്പർവൈസർ നടപ്പിലാക്കിയ ഈ പദ്ധതിയുടെ അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന ഗുണഭോക്താക്കളുടെ രേഖകൾ പ്രകാരം ഇവർ മൂവാറ്റുപുഴ നഗരസഭയിലെ സ്ഥിരതാമസക്കാരല്ല. വിശദാംശങ്ങൾ താഴെക്കൊടുക്കുന്നു.

| ക്രമ നം | പേര്, മേൽവിലാസം | റേഷൻ കാർഡ് നമ്പർ | റേഷൻ കാർഡിൽ തദ്ദേശ സ്വയംഭരണ സ്ഥാപനം |
|---|---|---|---|
| 1 | ദാനിയൽ ജിനേഷ്,<br>S/O ജിനേഷ് വർഗ്ഗീസ്<br>കൊടക്കപ്പറമ്പിൽ | 1629052375 | വെള്ളത്തുവൽ ഗ്രാമപഞ്ചായത്ത് |
| 2 | അനന്തു പ്രഭ,<br>S/o പ്രഭ പി വേലായുധൻ,<br>പാലക്കാട്ട് പുത്തൻപുര | 1740013397 | ആവോലി ഗ്രാമപഞ്ചായത്ത് |
| 3 | ഗോപിക എസ്,<br>D/o സുരേഷ്കുമാർ പി എസ്,<br>ലക്ഷ്മിവിലാസം | 1674040006 | കൊന്നത്തടി ഗ്രാമപഞ്ചായത്ത് |

സർക്കാർ ഉത്തരവിലെ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് 12.01.2024-ന് നൽകിയ 5-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. വിദ്യാർത്ഥികളുടെ ഗ്രാമപഞ്ചായത്തിൽ നിന്ന് ആനുകൂല്യം കൈപ്പറ്റിയിട്ടില്ലെന്ന് ഐ സി ഡി എസ് സൂപ്പർവൈസറുടെ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും മൂന്ന് വിദ്യാർത്ഥികളും മുൻവർഷങ്ങളിലും നഗരസഭയിൽ നിന്ന് സ്കോളർഷിപ്പ് കൈപ്പറ്റിവരുന്നവരാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ

ഉത്തരവിന് വിരുദ്ധമായി പ്രൊജക്ട് നടപ്പാക്കുന്നത് മുൻ ഓഡിറ്റ് റിപ്പോർട്ടുകളിൽ ചൂണ്ടി കാണിച്ചിട്ടും ആവർത്തിക്കുന്നത് ക്രമപ്രകാരമല്ല. പദ്ധതിപ്പണം ചെലവഴിക്കുമ്പോൾ സർക്കാർ ഉത്തരവുകൾ പാലിച്ച് മാത്രം നടപ്പാക്കുന്നതിന് നിർവ്വഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

## 1-17 ഇലക്ഷൻ നിക്ഷേപം - തുടർനടപടി സ്വീകരിച്ചില്ല

1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം 201 വകുപ്പ് പ്രകാരം, തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലേക്ക് നടക്കുന്ന തെരഞ്ഞെടുപ്പിൽ വിജയിക്കാത്ത, ആകെ പോൾ ചെയ്യപ്പെട്ട സാധുവായ വോട്ടുകളുടെ ആറിൽ ഒന്ന് (1/6) എണ്ണം വോട്ടുകൾ ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപ തുക നഗരസഭാ ഫണ്ടിലേക്ക് കണ്ടുകെട്ടേണ്ടതാണ്. ഇലക്ഷൻ നിക്ഷേപമിനത്തിൽ ₹72000.00 വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരിപ്പുണ്ട്. എന്നാൽ തെരഞ്ഞെടുപ്പിൽ വിജയിക്കാത്ത പ്രസ്തുത എണ്ണം വോട്ട് ലഭിക്കാത്ത സ്ഥാനാർത്ഥികളുടെ ഇലക്ഷൻ നിക്ഷേപം കണ്ടുകെട്ടാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ടി തുകയും വരണാധികാരിയിൽനിന്ന് ലഭിച്ച തെരഞ്ഞെടുപ്പ് ഫലം അടിസ്ഥാനപ്പെടുത്തി പ്രസ്തുത വർഷത്തെ നിക്ഷേപവും പഞ്ചായത്ത് ഫണ്ടിൽ മുതൽക്കൂട്ടാതിരുന്നതിന്റെ കാരണം അറിയിക്കുവാൻ ആവശ്യപ്പെട്ട് 19.01.2024-ൽ നൽകിയ 23-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. നിയമ പ്രകാരം തുടർനടപടികൾ സ്വീകരിക്കേണ്ടതും കണ്ടുകെട്ടാവുന്ന ഇലക്ഷൻ നിക്ഷേപം തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതുമാണ്.

## 1-18 രേഖകൾ സൂക്ഷിച്ചില്ല. നഗരസഭയുടെ സ്ഥലം അന്യാധീനപ്പെടാൻ സാധ്യത

നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയം, EEC മാർക്കറ്റ് എന്നിവിടങ്ങളിലേക്കുള്ള അപ്രോച്ച് റോഡിലെ സ്ഥലം കയ്യേറിയതുമായി ബന്ധപ്പെട്ട OS 24/2010 നമ്പർ കേസിന്റെ ഫയൽ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട വിവരങ്ങൾ ചുവടെ ചേർക്കുന്നു.
1) നഗരസഭയുടെ സ്ഥലം കയ്യേറി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതായി 19.04.2007ൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പൊലീസ് സഹായത്തോടെ അനധികൃത നിർമ്മാണം നീക്കം ചെയ്തതിനെത്തുടർന്ന് ശ്രീ.സോജൻ ആന്റണി മുതൽപേർ നഗരസഭയ്ക്കെതിരെ ബഹു.മൂവാറ്റുപുഴ സബ്കോടതിയിൽ OS 24/2010 അന്യായം ഫയൽ ചെയ്തു. നഗരസഭ വക സ്റ്റേഡിയത്തിന്റെ അപ്രോച്ച് റോഡ്, EEC മാർക്കറ്റ് റോഡ് എന്നിവയ്ക്കായി ഏറ്റെടുത്തിട്ടുള്ള ഈ സ്ഥലത്തിന്റെ അക്വിസിഷൻ ഫയൽ ഉൾപ്പെടെയുള്ള രേഖകൾ നഗരസഭയിൽ ലഭ്യമല്ല എന്ന് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അന്യായ പട്ടിക വസ്തു ഉൾപ്പെടുന്ന മൂവാറ്റുപുഴ താലൂക്ക്, വെള്ളൂർക്കുന്നം വില്ലേജിലെ സർവ്വേ നമ്പർ 839/26-ൽ ഉൾപ്പെടുന്ന 17.775 സെന്റ് സ്ഥലത്തിന്റെ സ്കെച്ച് താലൂക്ക് സർവേയറും നഗരസഭാ അസിസ്റ്റന്റ് എഞ്ചിനിയറും തയ്യാറാക്കിയതിൽ വ്യത്യാസമുള്ളതിനാൽ താലൂക്ക് സർവേ ഓഫീസിൽ നിന്ന് ടി

സ്ഥലം വീണ്ടും അളന്ന് തിട്ടപ്പെടുത്തുന്നതിന് വിവിധ തീയതികളിൽ കത്ത് നൽകിയെങ്കിലും വിവിധ കാരണങ്ങളാൽ മാറ്റി വച്ച് 20.02.2020-തീയതിയിലാണ് സ്ഥലം അളന്നിട്ടുള്ളത്. എന്നാൽ സ്ഥലം അളന്ന് സ്കെച്ച് ലഭ്യമാക്കിയപ്പോൾ കൈയ്യേറ്റം റിപ്പോർട്ട് ചെയ്തിട്ടുള്ള സർവ്വേ നമ്പർ 839/26 ഒഴികെയുള്ളതിന്റെ മാത്രമാണ് സ്കെച്ച് ലഭ്യമാക്കിയത്. വിട്ടുപോയ സർവ്വേ നമ്പർ സ്ഥലത്തിന്റെ സ്കെച്ച് കൂടി ലഭ്യമാക്കണമെന്ന് മൂവാറ്റുപുഴ ഭൂരേഖ തഹസീൽദാർക്ക് നഗരസഭയിൽ നിന്ന് കത്ത് നൽകിയെങ്കിലും യഥാസമയം ആയത് ലഭ്യമായില്ല.

2) നഗരസഭയെ ഒന്നാം എതിർകക്ഷി ആയി ഫയൽ ചെയ്ത OS 24/2010 നമ്പർ അന്യായത്തിന്റെ പരാതിക്കാർക്ക് അനുകൂലമായ 17.12.2021 ലെ വിധി ന്യായത്തിന്റെ ഖണ്ഡിക നമ്പർ 10-ൽ എതിർകക്ഷി ആയ നഗരസഭ വാക്കാലോ, രേഖാമൂലമോ യാതൊരു തെളിവും ഹാജരാക്കിയിട്ടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ അന്യായ പട്ടികവസ്തുവിൽ പരാതിക്കാർക്ക് അവകാശം അനുവദിച്ച് കോടതി ഉത്തരവാകുകയും ഏറ്റെടുക്കുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

3) 10.03.2022 തീയതിയിൽ വിധിന്യായത്തിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൈപ്പറ്റിയതായി ഫയലിലുണ്ട്. എന്നാൽ മൂന്ന് മാസത്തിനുള്ളിൽ നഗരസഭ അപ്പീൽ ഫയൽ ചെയ്തിട്ടില്ല. പിന്നീട് 14.03.2023-ൽ OS 24/2010 നമ്പർ കേസിന്റെ വിധിക്കെതിരെ ഹൈക്കോടതിയിൽ അപ്പീൽ നൽകുകയും അതിനായി വൗച്ചർ നമ്പർ 10/02.03.2023 മുഖേന ₹10000/- വക്കീൽ ഫീസ് ഇനത്തിൽ അഡ്വ.സി. ദിലീപിന് നൽകുകയും ചെയ്തിട്ടുണ്ട്.

ഏറ്റെടുത്ത സ്ഥലം ശരിയായി സംരക്ഷിക്കാതെ അന്യാധീനപ്പെടുവാനിടയായതിന് വിശദീകരണം നൽകേണ്ടതാണെന്നും നഗരസഭ ഏറ്റെടുത്തിട്ടുള്ള ഈ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണെന്നുമാവശ്യപ്പെട്ട് 10.01.2024-ൽ 1൦ം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കി. നഗരസഭാ ഉദ്യോഗസ്ഥർ വസ്തു അന്യാധീനപ്പെടാതിരിക്കാൻ പ്രയത്നിച്ചിട്ടുണ്ടെന്നും സർവ്വേ സ്കെച്ചുകൾ 04.02.2023-നാണ് ലഭ്യമായിട്ടുള്ളതെന്നും അത് പ്രകാരം ഹൈക്കോടതി മുൻപാകെ അപ്പീൽ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. എന്നാൽ നഗരസഭ സ്ഥലം ഏറ്റെടുത്തതിന്റെയോ സ്ഥലത്തിന്റെ ഉടമസ്ഥത സംബന്ധിച്ച രേഖയോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. ആസ്തിസംരക്ഷണം ഉറപ്പ് വരുത്തേണ്ടതും കേസിന്റെ തുടർ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

**1-19 കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം യഥാസമയം വിതരണം ചെയ്യുന്നില്ല**

നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാർക്ക് യൂണിഫോം അനുബന്ധ വസ്തുക്കളായ റെയിൻകോട്ട്, ഗംബൂട്ട്, ഗ്ലൗസ്, ചെരുപ്പ് എന്നിവ വിതരണം ചെയ്യുന്നത് സംബന്ധിച്ച പി എച്ച്1-7650/08 നമ്പർ ഫയൽ പരിശോധിച്ചതിൽ ഇവ യഥാസമയം വാങ്ങി

വിതരണം ചെയ്യാത്തതായി കാണുന്നു.

2021-22, 2022-23 എന്നീ വർഷങ്ങളിലെ യൂണിഫോം, അനുബന്ധ സാമഗ്രികൾ എന്നിവ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുള്ളത് 2022 മെയ് മാസം മുതലാണ്. 10.05.2023 ലാണ് സപ്ലൈ ഓർഡർ നൽകിയിരിക്കുന്നത്. 2021-22 വർഷത്തെ വനിതാ തൊഴിലാളികൾക്ക് 4 എണ്ണം വീതം ഓവർകോട്ടിന് പകരം 1 മാത്രം ഓർഡർ ചെയ്തിരുന്നതിനാൽ അവശേഷിക്കുന്ന 3 എണ്ണം വാങ്ങാൻ നടപടി സ്വീകരിച്ചിരിക്കുന്നത് 30.12.2023-ൽ ആണ്. യഥാസമയം ഇവ വിതരണം ചെയ്യാത്തതിനാൽ ഇവ ലഭ്യമാകാതെ ഏതെങ്കിലും ജീവനക്കാർ സേവനത്തിൽ നിന്ന് വിരമിച്ചിട്ടുണ്ടോയെന്ന് അറിയിക്കേണ്ടതും യൂണിഫോം യഥാസമയം വാങ്ങി വിതരണം ചെയ്യാത്തതിന് കാരണം അറിയിക്കേണ്ടതുമാണെന്നാവശ്യപ്പെട്ട് 20.01.2024-ൽ നൽകിയ 26ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കി. 2021-22 വർഷം കോവിഡ് മൂലം കാലതാമസം വന്നുവെന്നും, അതിനെത്തുടർന്ന് പിന്നീടുള്ള വർഷങ്ങളിലെ യൂണിഫോമും അനുബന്ധ സാമഗ്രികളും വിതരണത്തെയും ബാധിച്ചിട്ടുണ്ടെന്നും മറുപടിയിൽ അറിയിച്ചു. ബന്ധപ്പെട്ട കാലയളവിൽ അർഹതപ്പെട്ട വിരമിച്ച ജീവനക്കാർക്കും ഇവ ലഭ്യമാക്കിയിട്ടുണ്ടെന്നും വിശദീകരിച്ചിട്ടുണ്ട്. അതത് സമയം ഉപയോഗിക്കേണ്ട യൂണിഫോം, അനുബന്ധ സാമഗ്രികൾ എന്നിവ ജീവനക്കാർക്ക് വൈകി വിതരണം ചെയ്യുന്നത് പ്രയോജനരഹിതമാണ്. സേവനകാലത്ത് ധരിക്കേണ്ട യൂണിഫോം വിരമിച്ചതിന് ശേഷം ലഭ്യമാക്കുന്നത് യുക്തിസഹമല്ല. അതത് വർഷം തന്നെ ഇവ വിതരണം ചെയ്യാൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-20 വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു.

വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി പരിശീലന പരിപാടി- സബ്സിഡി മാർഗരേഖയ്ക്ക് വിരുദ്ധമായി പ്രോജക്ട് നടപ്പിലാക്കി

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | S0138/23<br>നൈപുണ്യനഗരം - വയോജനങ്ങൾക്ക് ഡിജിറ്റൽ ലിറ്ററസി |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| അടങ്കൽ | ₹40,000/- (വികസനഫണ്ട് -ജനറൽ) |
| ചെലവ് | ₹27200/ –വികസന ഫണ്ട് ജനറൽ |
| ബിൽ നം/തുക | 22120247013701279626 Dt 2-3-23, ₹27200/- |

ജില്ല ആസൂത്രണ സമിതി നിർദേശ പ്രകാരം, മൂവാറ്റുപുഴ മുനിസിപ്പാലിറ്റി പരിധിയിലെ 60 വയസു കഴിഞ്ഞ വയോജനങ്ങൾക്ക് കംപ്യൂട്ടർ പരിജ്ഞാനം ലഭിക്കുന്നതിന് പരിശീലന പരിപാടി സംഘടിപ്പിക്കാൻ പ്രോജക്ട് ഏറ്റെടുക്കുകയും 2023 ൽ 27.01.23

മുതൽ 07.02.23 വരെയുള്ള കാലയളവിൽ 10 ദിവസത്തെ പരിശീലന പരിപാടി ഐ.എച്ച്.ആർ.ഡി.യുടെ ആഭിമുഖ്യത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് നടത്തുകയും ചെയ്തു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) പതിനാലാം പഞ്ചവത്സര പദ്ധതി സബ്സിഡി മാർഗരേഖ സ.ഉ(കൈ)നം.115/2022 /ത.സ്വ.ഭ.വ. തീയതി 28.5.22, ഖണ്ഡിക 8.5(ii) പ്രകാരം സംരംഭം തുടങ്ങുന്നതിന്റെ ഭാഗമായോ തൊഴിൽ നൽകുന്നതിന്റെ ഭാഗമായോ അല്ലാതെ കമ്പ്യൂട്ടർ പരിശീലന പരിപാടിക്ക് മാത്രമായി പ്രോജക്ട് ഏറ്റെടുക്കാവുന്നതല്ല. ഇവിടെ 60 വയസിനു മുകളിൽ പ്രായം ഉള്ളവർക്കാണ് പരിശീലനം നൽകിയത്. മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായി വികസന ഫണ്ട് ചെലവഴിച്ച് പ്രോജക്ട് നടപ്പിലാക്കിയത് ക്രമപ്രകാരമുള്ള നടപടിയല്ല.

2) പരിശീലന പരിപാടിയുടെ മൊഡ്യൂൾ, പരിശീലനം നൽകിയ ഇൻസ്ട്രക്ടർമാർ ആരൊക്കെ, പരിശീലന പരിപാടിയുടെ ഫോട്ടോഗ്രാഫ് ഉൾപ്പെടെയുള്ള വിവരങ്ങളൊന്നും ഫയലിൽ ഇല്ല. 34 വ്യക്തികൾ ഒപ്പിട്ട അറ്റൻഡൻസ് ഷീറ്റിന്റെ ഫോട്ടോസ്റ്റാറ്റ് മാത്രമേ ഫയലിലുള്ളൂ. പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ സംബന്ധിച്ച് നൽകിയ (15/17.1.24)നമ്പർ ഓഡിറ്റ് എൻക്വയറിക്ക് സെക്രട്ടറിയുടെ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ ഉത്തരവിനു വിരുദ്ധമായി ഏറ്റെടുത്ത പ്രസ്തുത പ്രോജക്ടിന്റെ ചെലവഴിച്ച ₹27200/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. സർക്കാർ ഉത്തരവിനു വിരുദ്ധമായി ചെലവ് ചെയ്തതിനാൽ സർക്കാരിൽ നിന്നും ആവശ്യമായ ആധികാരികമായ നിർദ്ദേശങ്ങളും സാധൂകരണവും വാങ്ങി തടസ്സം ഒഴിവാക്കേണ്ടതാണ്.

**1-21 പി എം എ വൈ ഭവന നിർമ്മാണം - തുക കൈപ്പറ്റിയിട്ടും ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല.**

താഴെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണത്തിന് തുക കൈപ്പറ്റിയെങ്കിലും നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല . വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര് | കൈപ്പറ്റിയ തുകയുടെ വിവരം (ചെക്ക് നമ്പരും തുകയും) |
|---|---|---|
| 1 | സൈനബ ഖാലിദ്, നെടിയമല മാർക്കറ്റ് പി ഒ | B N 900330/6.1.21<br>₹ 40000/- |
| 2 | അജേഷ് സി എ, ചാലിൽ, മാർക്കറ്റ് പി ഒ | B N 78714/30.12.20<br>₹ 40000/- |
| 3 | ഷാജി ഏറോത്ത്മറ്റത്തിൽ,വെള്ളൂർക്കുന്നം | CH No 786573/30.11.20<br>₹ 40000/- |
| 4 | സിബി സി എ, പൊട്ടേക്കണ്ടത്തിൽ, പുളിഞ്ചോട് | CH No 086599/9.5.19<br>₹ 40000/- |

| | | |
|---|---|---|
| 5 | നിഷാദ് റ്റി വാവ, തോട്ടത്തിൻകുടിയിൽ | CH No 345851/16.7.19<br>₹ 40000/-<br>B N 707069/9.11.20<br>₹ 160,000/- |
| 6 | റഫിയ ബഷീർ, കാഞ്ഞൂർ പുത്തൻപുര,രണ്ടാർക്കര | B N 818475/20.12.21<br>₹ 40,000/-<br>CH No 112971/18.3.22<br>₹ 80000/-<br>CH No 112979/9.6.22<br>₹ 80000/- |
| 7 | വി പി വിപിൻ കുമാർ, വെങ്ങോലയിൽ രണ്ടാർക്കര | B N 818480/20.12.21<br>₹ 40,000/-<br>B N 85924/20.11.23<br>₹ 80,000/- |
| 8 | കുഞ്ഞമ്മ കെ പി, കണ്ടോളികുടിയിൽ, മുടവൂർ പി ഒ | B N 864857/28.12.21<br>₹ 40,000/-<br>B N123635/14.2.22<br>₹ 160,000/- |
| 9 | ഷാനവാസ് കെ ബി തോപ്പിൽ, വാഴപ്പിള്ളി | B N 1040124/1.2.22<br>₹ 40,000/- |

ആദ്യ ഗഡു കൈപ്പറ്റിയ ശേഷം ഭവനനിർമ്മാണം പ്രവൃത്തി ചെയ്യാത്ത ഗുണഭോക്താക്കളിൽ നിന്നും തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

**1-22 വിനിയോഗ സാക്ഷ്യപത്രങ്ങൾ ഹാജരാക്കിയിട്ടില്ല ചെലവ് തടസ്സപ്പെടുത്തുന്നു.**

വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് വിവിധ നിർവ്വഹണ ഏജൻസികൾക്ക് തുക നല്കിയിട്ടുണ്ട് എന്നാൽ തുക ചെലവഴിച്ചതിന്റെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ -വിഹിതം നൽകൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്റ്റ് നമ്പർ/പേര് | S026/23<br>കുട്ടികൾക്കുള്ള ജില്ലാ വെബ് പോർട്ടൽ |
| അടങ്കൽ/ഫണ്ട് | ₹25,000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹25,000/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം./തുക | 22120247013700670220/20-10-2022, 25,000/- |

മേൽ പദ്ധതി പ്രകാരം ₹25,000/- എറണാകുളം ജില്ലാ പഞ്ചായത്തിന്

നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 20-1-24 ലെ എൻക്വയറി നം 28ന് മറുപടി ലഭ്യമാക്കിയില്ല. എറണാകുളം ജില്ലാ പഞ്ചായത്തിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹25,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിനിയോഗ സാക്ഷ്യപത്രം അടിയന്തിരമായി ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2.വയോമിത്രം പദ്ധതി -വിഹിതം നൽകൽ

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | SO107/23<br>വയോമിത്രം പദ്ധതി – വിഹിതം നല്കൽ |
| അടങ്കൽ | ₹12,00,000/- സി എഫ് സി ഗ്രാന്റ് |
| ചെലവ് | ₹12,00,000/ –സി എഫ് സി ഗ്രാന്റ് |
| ബിൽ നം./തുക | 302/7-3-2023, ₹12,00,000/- |

മേൽ പദ്ധതി പ്രകാരം ₹12,00,000/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക വിനിയോഗിച്ചതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-1-24ലെ എൻക്വയറി നം 17ന് മറുപടി ലഭ്യമാക്കിയില്ല. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹12,00,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3.കോക്ലിയർ ഇംപ്ലാന്റേഷൻ -അനുബന്ധ ഉപകരണങ്ങൾക്ക് തുക ഒടുക്കി.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രൊജക്ട് നമ്പർ/പേര് | SO28/23<br>കോക്ലിയർ ഇംപ്ലാന്റേഷന ശേഷമുള്ള കേൾവി സഹായി മെയിന്റനൻസ് |
| അടങ്കൽ | ₹50,000/- വികസന ഫണ്ട്-ജനറൽ |
| ചെലവ് | ₹50,000/ – വികസന ഫണ്ട്-ജനറൽ |
| ബിൽ നം/തുക | 221202470137010558403/18-1-2023, ₹50,000/- |

മേൽ പദ്ധതി പ്രകാരം കോക്ലിയർ ഇംപ്ലാന്റേഷന ശേഷമുള്ള സഹായ ഉപകരണങ്ങളുടെ മെയിന്റനൻസിനായി ഒരു കുട്ടിയ്ക്ക് ₹50,000/- കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് നൽകിയിട്ടുണ്ട് എന്നാൽ തുക ചെലവഴിച്ചതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത രേഖകൾ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ 17-1-2024 ലെ എൻക്വയറി നം 16 ക്ക് മറുപടി ലഭ്യമാക്കിയില്ല. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ₹50,000/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. സോഷ്യൽ സെക്യൂരിറ്റി മിഷനിൽ

നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-23 നഗരസഭയുടെ ഷീലോഡ്ജ് - ലക്ഷ്യപ്രാപ്തി കൈവരിച്ചില്ല

മൂവാറ്റുപുഴ നഗരത്തിന്റെ ഹൃദയഭാഗത്ത് കെ എസ് ആർ ടി സി ബസ് സ്റ്റാന്റിനു സമീപം എല്ലാ വിധ സൗകര്യങ്ങളോടും കൂടി മൂവാറ്റുപുഴ നഗരസഭ ഷീ ലോഡ്ജിന്റെ പണി പൂർത്തീകരിച്ചിട്ടുള്ളതാണ്.

2018-19 മുതൽ 2022-23 വരെ നഗരസഭ ഷീ ലോഡ്ജിനു വേണ്ടി ചെലവഴിച്ചത് ₹3041655/- യാണ്. ഇതിൽ ₹156584/- ഓഡിറ്റ് വർഷത്തെ ചെലവാണ്. തൻ വർഷത്തെ ചെലവിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്ധ്യോഗസ്ഥൻ | പ്രോജക്ട് ഓഫീസർ നഗരദാരിദ്ര നിർമ്മാർജ്ജന സെൽ |
| പദ്ധതി | ഷീ ലോഡ്ജ് പ്രവർത്തന സജ്ജമാക്കൽ 223/23 |
| അടങ്കൽ | ₹696000/- (വികസന ഫണ്ട് ജനറൽ) |
| ചെലവ് | ₹156584/- |
| ബിൽ നം തിയതി | 366/21.3.23, ₹154184/- (2212024709810142305 5/21.3.23)<br>379/22.3.23 ₹2400/- |

മുൻ വർഷങ്ങളിൽ ഷീ ലോഡ്ജിനു വേണ്ടി നടപ്പാക്കിയ പദ്ധതിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | വർഷം | പ്രോജക്ട് | ഫണ്ടിനം | ചെലവഴിച്ച തുക (₹) |
|---|---|---|---|---|
| 1 | 2018-19 | ഷീ ലോഡ്ജ് 153/19 | വികസന ഫണ്ട് ജനറൽ | 350516 |
| 2 | 2020-21 | ഷീ ലോഡ്ജ് പൂർത്തീകരണം 136/21 | വികസന ഫണ്ട് ജനറൽ | 198303 |
| 3 | 2020-21 | ഷീ ലോഡ്ജ് ഫർണീച്ചർ വാങ്ങൽ152/21 | വികസന ഫണ്ട് ജനറൽ | 221082 |
| 4 | 2020-21 | ഷീ ലോഡ്ജ് നിർമ്മാണം 246/21 | വികസന ഫണ്ട് ജനറൽ | 1497249 |
| 5 | 2020-21 | ഷീ ലോഡ്ജ് 467/21 | വികസന ഫണ്ട് ജനറൽ | 617921 |
| | ആകെ | | | 2885071 |

ഷീ ലോഡ്ജുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന

അപാകതകൾ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു

1. തദ്ദേശസ്വയംഭരണ (ഐ എ) വകുപ്പിന്റെ സ.ഉ (കൈ)നം 111/2020 തസ്വഭവ തിയതി 24.7.20 പ്രകാരം ആവശ്യകത ബോദ്ധ്യപ്പെടുന്നതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഷീ ലോഡ്ജുകൾ സ്ഥാപിക്കേണ്ടത്. അതത് നഗരസഭകളിൽനിർമ്മാണം നടന്നുവരുന്നതും പൂർത്തീകരിച്ചതുമായ ഷീ ലോഡ്ജുകൾ രണ്ടുമാസത്തിനകം പ്രവർത്തന സജ്ജമാക്കേണ്ടതാണ്. എന്നാൽ മൂവാറ്റുപുഴ നഗരസഭ 24.10.20 ൽ ഉദ്ഘാടനം ചെയ്ത ഷീ ലോഡ്ജ് 2024 ജനുവരി മാസമായിട്ടും പ്രവർത്തനം ആരംഭിച്ചിട്ടില്ല, സ്ത്രീ ശാക്തീകരണമെന്ന ലക്ഷ്യത്തിലേക്കുള്ള വളരെ പ്രധാനപ്പെട്ട ചുവടുവെയ്പ്പാണ് ഷീ ലോഡ്ജുകൾ. സ്ത്രീകൾക്കെതിരെയുള്ള വെല്ലുവിളികൾ വർദ്ധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ ജോലിക്കും മറ്റ് ആവശ്യങ്ങൾക്കും നഗരത്തിലെത്തുന്ന ഏതു സ്ത്രീക്കും മിതമായ നിരക്കിൽ സുരക്ഷിതമായ താമസ സൗകര്യം ഒരുക്കുവാൻ കഴിയുകയെന്നത് വളരെ പ്രാധാനപ്പെട്ടഒരു വിഷയമാണ്. എന്നിട്ടും എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും ഒരുക്കിയിട്ടും പ്രസ്തുത കെട്ടിടം ഉപയോഗശൂന്യമായി നിലനിൽക്കുന്നു.

2. ഏതൊരു പദ്ധതിയും ആരംഭിക്കുന്നതിനു മുൻപ് ആവശ്യമായ സാദ്ധ്യത പഠനങ്ങളും ആവശ്യകത നിർണ്ണയവും നടത്തേണ്ടതാണ്, എന്നാൽ നഗരസഭ ഷീ ലോഡ്ജ് നിർമ്മിക്കുന്നതിനു മുൻപ് ഇത്തരം പഠനങ്ങളൊന്നും നടത്തിയിട്ടില്ല. അതിനാൽതന്നെ പണിപൂർത്തികരിച്ച കെട്ടിടം ആവശ്യക്കാർക്ക് ഉപകാരപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ഇത്തരം നിർമ്മിതികൾ ജനങ്ങളുടെ സമഗ്ര വികസനത്തിനുപയോഗിക്കണ്ടതാണ്

3. യഥാസമയം വൃത്തിയാക്കാതെ ലോഡ്ജിനുള്ളിൽ പൊടിയും മാറാലയും നിറഞ്ഞ നിലയിലാണ്. മുറിക്കുള്ളിൽ നിർമ്മിച്ചിട്ടുള്ള സീലിംഗ് തകർന്ന നിലയിലാണന്ന് പ്രാദേശിക പശോധനയിൽ കണ്ടെത്തി. മുറിക്കുള്ളിൽ സീലിംഗിന്റെ ഷീറ്റ് അടർന്ന് വീണുകിടക്കുന്നു.

താഴെ കൊടുത്തിട്ടുള്ള ചിത്രം 1കാണുക



ചിത്രം 1

4. 28.10.22 ലെ കൗൺസിൽ യോഗത്തിന്റെ 6/6 നമ്പർ തീരുമാനപ്രകാരം ഷീ ലോഡ്ജിലേയ്ക്ക് ആവശ്യമായ ജീവനക്കാരെ വച്ച് നഗരസഭ കുടുംബശ്രീ മുഖേന നേരിട്ട് നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. എന്നാൽ പിന്നിട് ഷീ ലോഡ്ജ് വാടകക്ക് നല്കുന്നതിന് പത്രപരസ്യം നല്കി. 17.1.23 ൽ നടത്തിയ ലേലത്തിൽ ആരും പങ്കെടുത്തില്ല. ഷീ ലോഡ്ജ് പ്രവർത്തനം ആരംഭിക്കാത്തത് ആരാഞ്ഞ്നല്കിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ, ടി കെട്ടിടത്തിന് പ്രതിമാസ വാടക ₹48086/- ആണെന്നും 6 മാസവാടക സെക്യൂരിറ്റി ഡെപ്പോസിറ്റായി നല്കണമെന്നും 15.3.23 ലെ സിഡി എസ് ഭരണസമിതിയിൽ അറിയിച്ചുവെന്നും ശേഷം 22.6.23 ൽ നടന്ന ലെ സിഡി എസ് ഭരണസമിതിയിൽ ഇത് ഏറ്റെടുത്ത് നടത്തുവാൻ കുടുംബശ്രീക്ക് താല്പര്യമില്ലായെന്ന് നഗരസഭയെ അറിയിച്ചിട്ടുണ്ട്. ഇത്തരത്തിൽ ഷീ ലോഡ്ജ് പ്രവർത്തിപ്പിക്കാൻ ഒരി നിർവ്വാഹവുമില്ലാതിരുന്ന സാഹചര്യത്തിൽ 21.3.23 ൽ ₹156584/- യുടെ ടി വി, ഫ്രിഡ്ജ്, വാട്ടർ പ്യൂരിഫയർ, ഇൻഡക്ഷൻ കുക്കർ മുതലായ ഇലക്ട്രോണിക് സാധനങ്ങൾ (ചിത്രം 2,3.4.5 കാണുക)അടക്കമുള്ള വിവിധ

ഉപകരണങ്ങൾ വാങ്ങി അവയുടെ കവർ പൊലും പൊട്ടിക്കാതെ മുറിക്കള്ളിൽ കൂട്ടിയിട്ടിരിക്കുന്നതായി ഓഡിറ്റ് വേളയിൽനടത്തിയ പ്രാദേശിക പരിശോധനയിൽ കണ്ടെത്തി.



ചിത്രം 2




ചിത്രം3

10 മാസമായി വാങ്ങി പാക്കിംഗ് പോലും നീക്കം ചെയ്യാത്ത ഫ്രിഡ്ജ്, ടിവി, വാട്ടർ പ്യൂരിഫയർ തുടങ്ങിയവ.



ചിത്രം 4



ചിത്രം 5

ഇലക്ട്രോണിക് ഉപകരണങ്ങൾ യഥാസമയം ഉപയോഗിക്കാതിരുന്നാൽ ആയവ കേടായി പോകുന്നതിന് സാധ്യതയുണ്ട് ആവശ്യകതാ നിർണ്ണയം നടത്താതെ ഉപകരണങ്ങൾ വാങ്ങി ഉപയോഗശൂന്യമാക്കുന്ന നടപടി പൊതുപണത്തിന്റെ ദുരുപയോഗമായതിനാൽ ₹156584/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഉപകരണങ്ങൾ നഗരസഭ ഉപയോഗപ്പെടുത്താത്ത പക്ഷം നിർവ്വഹണ ഉദ്യോഗസ്ഥന്റെ ബാദ്ധ്യതയായി നിശ്ചയിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതായിരിക്കും.

## 1-24 സാമൂഹ്യസുരക്ഷാ പെൻഷൻ - ഗുണഭോക്താക്കളുടെ മരണശേഷവും പെൻഷൻ വിതരണം തുടരുന്നു

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.1.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത

പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

നഗരസഭയിലെ 2022-23 ലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| **ക്രമ നം** | **പെൻഷനറുടെ പേര്/ പ്രാദേശിക സർക്കാർ** | **പെൻഷൻ തരം/പെൻഷനർ ഐഡി** | **മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം)** | **പെൻഷൻ വിതരണ കാലയളവ്** | **റിമാർക്സ്/ നിലവിലെ അവസ്ഥ** |
|---|---|---|---|---|---|
| 1 | ഷെരീഫ മക്കാർ / പായിപ്ര ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ/ 107070600878 | 19.9.2023 | 8/2023 -വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |
| 2 | ഏലിയാമ്മ കുരുവിള /അഗ്രികൾച്ചറൽ ഓഫീസ് പോത്താനിക്കാട് | കർഷക പെൻഷൻ/ 2220313824 | 20.9.2023 | 8/2023-വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |
| 3 | ബേബി ചെറിയാൻ /അഗ്രികൾച്ചറൽ ഓഫീസ് കവളങ്ങാട് | കർഷക പെൻഷൻ / 2220121944 | 22.9.2023 | 8/2023 -വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |
| 4 | തങ്കമ്മ കൃഷ്ണൻകുട്ടി /മൂവാറ്റുപുഴ നഗരസഭ | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ/ 101950600084 | 24.12.2022 | 1/2023- 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 5 | പത്മനാഭൻ കെ.കെ /മൂവാറ്റുപുഴ നഗരസഭ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 101950201734 | 1.1.2023 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 6 | കെ.കെ പരീത് / മൂവാറ്റുപുഴ നഗരസഭ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 101950201380 | 7.1.203 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |

| ക്രമ നം | പെൻഷനറുടെ പേര്/ പ്രാദേശിക സർക്കാർ | പെൻഷൻ തരം/പെൻഷനർ ഐഡി | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 7 | കെ.കെ ഗോപാലൻ/കവളങ്ങാട് ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 106850201908 | 16.1.2023 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 8 | മണി / അഗ്രികൾച്ചറൽ ഓഫീസ് പാമ്പാക്കുട | കർഷക പെൻഷൻ/ 2220136142 | 3.7.2022 | 3/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട്. |
| 9 | കുട്ടപ്പൻ എ. എസ് /കുട്ടമ്പുഴ ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 106900202684 | 3.7.2022 | 6/23 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു. | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | പാത്തുമ്മ /മൂവാറ്റുപുഴ നഗരസഭ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 101950202918 | 12.6.2022 | 6/23 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 11 | ഉതുപ്പ് പൈലി /അഗ്രികൾച്ചറൽ ഓഫീസ് വാളകം | അഗ്രികൾച്ചറൽ പെൻഷൻ/ 2220311201 | 22.6.2022 | 7/22-11/22വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു. 12/22 - 4/23 വരെ തുക അക്കൗണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല. 5/23 - 6/23 വരെ തുക ബാങ്കിന് കൈമാറി. 7/23 – 8/23 വരെ തുക തടഞ്ഞ് വച്ചിരിക്കുന്നു. | അക്കൗണ്ട് ആക്റ്റീവായി തുടരുന്നു |
| 12 | വിലാസിനി രാമചന്ദ്രൻ/ആയവന ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 107090200359 | 30.6.2022 | 12/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 13 | മീരാ ഉമ്മ/മൂവാറ്റുപുഴ നഗരസഭ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ/ 101950200126 | 15.3.2022 | 3/22- 9/22 വരെ തുക കൈമാറാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 14 | ചിന്നമ്മ ആന്റണി/ആയവന ഗ്രാമപഞ്ചായത്ത് | കർഷകത്തൊഴിലാളി പെൻഷൻ/ 107090100347 | 18.6.2022 | 11/22 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 15 | കുഞ്ഞപ്പൻ/ആയവന ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ | 22.6.2022 | 2/2023 വരെ തുക അക്കൗണ്ടിൽ | അക്കൗണ്ട് സസ്പെന്റ് |

| ക്രമ നം | പെൻഷനറുടെ പേര്/ പ്രാദേശിക സർക്കാർ | പെൻഷൻ തരം/പെൻഷനർ ഐഡി | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| | | വാർദ്ധക്യകാല പെൻഷൻ/ 107090200486 | | നിക്ഷേപിച്ചു | ചെയ്തിട്ടുണ്ട് |
| 16 | ഷെരീഫ പി.എം/പായിപ്ര ഗ്രാമപഞ്ചായത്ത് | ഇന്ദിരാഗാന്ധി ദേശീയ വിധവ പെൻഷൻ/ 107070600504 | 11.6.2022 | 3/23 വരെ തുക തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 17 | അയ്യപ്പൻ /അഗ്രികൾച്ചറൽ ഓഫീസ് പായിപ്ര | കർഷക പെൻഷൻ/ 2220128744 | 4.6.2022 | 8/2023 വരെ തുക അക്കൗണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |

1) മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണശേഷം അധികമായി കൈപ്പറ്റിയ/ കൈമാറുവാൻ സാധിക്കാത്ത തുക തിരികെ ഈടാക്കി സർക്കാരിലേക്ക് തിരിച്ചടച്ചിട്ടില്ല.

2) പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന അക്കൗണ്ടുകൾ സസ്പെൻഡ് ചെയ്ത് തുക തിരികെ ഈടാക്കിയിട്ടില്ല.

3) പരാമർശത്തിൽ പറഞ്ഞിരിക്കുന്ന മറ്റ് പ്രാദേശിക സർക്കാരുകളിൽ ഉൾപ്പെട്ട പെൻഷൻ ഗുണഭോക്താക്കളുടെ മരണം സംബന്ധിച്ചും അനധികൃതമായി കൈപ്പറ്റിയ തുക തിരിച്ചീടാക്കുന്നതു സംബന്ധിച്ചും അതാതു തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്ക് വിവരം നൽകിയതു സംബന്ധിച്ചുള്ള വിവരങ്ങൾ ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.33/20.1.2024) മറുപടി ലഭ്യമായിട്ടില്ല.

ഓരോ മരണ രജിസ്ട്രേഷൻ അപേക്ഷകളും അംഗീകരിക്കുന്നതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

നഗരസഭയിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള/നിക്ഷേപിക്കുവാൻ സാധിക്കാത്ത തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കളുടേയും അക്കൌണ്ട് സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ നഗരസഭാ സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.

മറ്റ് പ്രാദേശിക സർക്കാരിന്റെ പരിധിയിൽ വരുന്ന പെൻഷണറുടെ മരണം നഗരസഭയിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത് നഗരസഭാ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി തുടർ നടപടികൾ സ്വീകരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-25 വാടക - അപാകങ്ങൾ

### 1. വാടക - കുടിശ്ശിക വിവരങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

ഡി.സി.ബി. സ്റ്റേറ്റ്മെന്റ്, വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ നഗരസഭയിലെ ആസ്തികൾ വാടകക്ക് നൽകിയ ഇനത്തിൽ മുൻവർഷങ്ങളിലടക്കം കുടിശ്ശിക നിലനിൽക്കുന്നുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | 2022-23 വർഷത്തെ കുടിശ്ശിക തുക | മുൻവർഷങ്ങളിലെ കുടിശ്ശിക തുക |
|---|---|---|---|
| 1 | സിവിക് അമിനിറ്റീസ് | ₹10,80,593 | ₹20,284 |
| 2 | ലീസ് ഓൺ ലാന്റ് | ₹14,892 | ₹1,21,467 |
| 3 | മാർക്കറ്റ് | 0 | ₹2,55,696 |
| 4 | ബസ് സ്റ്റാന്റ് ഫീസ് | 0 | ₹2,36,547 |
| 5 | ലോറി, ടാക്സി, ഓട്ടോ സ്റ്റാന്റ് | 0 | ₹5,71,044 |

വാടക കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22, 19.01.2024) മറുപടി ലഭിച്ചു. കുടിശ്ശിക ഇനത്തിലെ ചില തുകകൾ ഈടാക്കിയതായും, ബാക്കി തുകകൾ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതായും മറുപടി നൽകി. കുടിശ്ശിക തുക സംബന്ധിച്ച വിവരങ്ങൾ, തുക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ എന്നിവ ലഭ്യമാക്കേണ്ടതാണ്.

### 2. വാടക വർദ്ധനവ് സംബന്ധിച്ച തീരുമാനം നടപ്പാക്കുന്നതിൽ കാലതാമസം

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക വർദ്ധനവ് അംഗീകരിച്ചുകൊണ്ടുള്ള പ്രമേയങ്ങൾ 18.07.2022 ലെ നഗരസഭ കൗൺസിലിന്റെ സാധാരണ യോഗത്തിൽ പാസാക്കിയിരുന്നു. വാടക വർദ്ധനവ് സംബന്ധിച്ച് ലൈസൻസികൾക്ക് നോട്ടീസ് നൽകിയതിനെ തുടർന്ന് ലൈസൻസികൾ വാടക വർദ്ധനവിനെതിരെ 9 കേസുകൾ ഫയൽ ചെയ്തിരുന്നു. WP(C) Nos. 1314/23, 1372/23, 1804/23, 1965/23 എന്നീ കേസുകൾക്ക് 02.02.2023 ലും, WP(C) Nos. 2898/23, 507/23, 33559/22, 42411/22 എന്നീ കേസുകൾക്ക് 07.02.2023 ലും, WP(C) No.10035/23 കേസിന് 22.03.23 ലും ബഹു. കേരള ഹൈക്കോടതി ജഡ്ജ്മെന്റ് പുറപ്പെടുവിച്ചിട്ടുണ്ട്. സമാന വിധിയാണ് എല്ലാ കേസുകളിലും പുറപ്പെടുവിച്ചിട്ടുള്ളത്. ബഹു. കേരള ഹൈക്കോടതിയുടെ വിധി പ്രകാരം, ഹർജിക്കാരുടെ തടസ്സവാദങ്ങൾ

കേൾക്കാനും ശേഷം ഒരു മാസത്തിനകം ഉചിതമായ തീരുമാനം എടുക്കുവാൻ കൗൺസിലിനെ ചുമതലപ്പെടുത്തുകയും ചെയ്തു. എന്നാൽ നാളിതുവരെയും വാടക വർദ്ധന നടപ്പിലാക്കിയിട്ടില്ല. അനുകൂലമായ കോടതി വിധിയുണ്ടായിട്ടും വാടക വർദ്ധന യഥാസമയം നടപ്പിലാക്കാത്തതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 27, 20.01.2024) മറുപടി നൽകിയിട്ടുണ്ട്. മറുപടി പ്രകാരം ഹർജിക്കാരുടെ ആവശ്യപ്പെട്ടതുപോലെ അംഗീകൃത വാല്യൂവേറ്ററെ ചുമതലപ്പെടുത്തിയതായും, 05.07.2023 ന് വാല്യൂവേറ്റർ നൽകിയ റിപ്പോർട്ടിന്റെയും 04.09.2023 ന് ലൈസൻസികളുമായി നേരിട്ട് കൂടിക്കാഴ്ച നടത്തിയതിന്റെയും അടിസ്ഥാനത്തിൽ 30.11.2023 ലെ കൗൺസിൽ ഫെയർ വാല്യൂ നിരക്കിലുള്ള വാടക വർദ്ധനവ് അംഗീകരിച്ചതായും മറുപടി നൽകി. കൂടാതെ നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിനുള്ള കാലതാമസം മാത്രമാണ് ഉണ്ടായതെന്നും, പുതുക്കിയ നിരക്കിൽ വാടക ഈടാക്കുന്നതിനായി ലൈസൻസികൾക്ക് നോട്ടീസ് നൽകിയ തീയതി മുതൽ മുൻകാല പ്രാബല്യത്തോടെ പുതിയ നിരക്കിൽ വാടക ഈടാക്കുന്നതിനാണ് നോട്ടീസ് തയ്യാറാക്കിയിട്ടുള്ളതെന്നും, ആയതിനാൽ നഗരസഭക്ക് ഈ വിഷയത്തിൽ സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്നും മറുപടിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. വാടക വർദ്ധനവ് നടപ്പിലാക്കി, പുതിയ നിരക്കിലുള്ള വാടക ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-26 പൊളിച്ചെടുത്ത കോൺക്രീറ്റിംഗ് കട്ടകളുടെ വിവരം ലഭ്യമല്ല.

| | |
|---|---|
| പ്രവൃത്തി | വാർഡ് 26, 27 നിർമലഗിരി-കൊച്ചുപാറ റോഡ് |
| പ്രൊജക്ട് നം. | S0070/23 |
| എസ്റ്റിമേറ്റ് | ₹6,00,000/- |
| കരാറുകാരൻ | മുഹമ്മദ് ഫൈസൽ |
| എം. ബുക്ക്. | 80/21-22 |
| ആകെ ചെലവ് | Bill No. 569/30-3-22 ₹326194/-, Bill No. 494/14-3-23 ₹170538/- |

എസ്റ്റിമേറ്റ് പ്രകാരം നിർമലഗിരി-കൊച്ചുപാറ റോഡിലെ നിലവിലുള്ള 37.75 മീറ്റർ റോഡിലെ 282.73 $M^2$ ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ട പൊളിച്ച് മാറ്റി അവിടെ 68.40 മീറ്റർ (409.28 $M^2$) പുതിയതായി ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ട വിരിക്കുകയാണ് പ്രവൃത്തി. എം ബുക്ക് പ്രകാരം ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ട വിരിച്ചതിന് 426.44 $M^2$ X 803/$m^2$ = ₹342,431/- നൽകിയിട്ടുണ്ട്. ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ട പൊളിച്ച് മാറ്റിയതിന് 278.62 $M^2$ X 60/$m^2$ = ₹16,717/- നൽകിയിട്ടുണ്ട്. എന്നാൽ പൊളിച്ച് മാറ്റിയ ഡിപ്പാർട്ട്മെന്റ് ഇന്റർലോക്കിംഗ് കട്ട ഉപയോഗിച്ച് പ്രവൃത്തി ചെയ്യാത്തതിന്റെ കാരണം വ്യക്തമല്ല. പൊളിച്ച് മാറ്റിയ

ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ടയുടെ വിനിയോഗവും വ്യക്തമല്ല.

ഫസ്റ്റ് പാർട്ട് ബില്ല് പ്രകാരം 17-3-22- ൽ 278 $M^2$ റോഡ് ടൈൽ ഇടുകയും പിന്നീട് ഒരു വർഷം കഴിഞ്ഞാണ് 147.82 $M^2$ റോഡ് ടൈൽ ഇടുന്നതിന് തുക നൽകിയത്.

പൊളിച്ച് മാറ്റിയ ഡിപ്പാർട്ട്മെന്റ് ഇന്റർലോക്കിംഗ് കട്ട ഉപയോഗിച്ച് പ്രവൃത്തി ചെയ്യാത്തതിന്റെ കാരണവും പൊളിച്ച് മാറ്റിയ ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ടയുടെ വിനിയോഗവും വ്യക്തമാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം 29/ 20-01-2024 – ന് ലഭിച്ച മറുപടിയിൽ പൊളിച്ച് മാറ്റിയ ഇന്റർലോക്കിംഗ് കോൺക്രീറ്റിംഗ് കട്ടകൾ വീണ്ടും ഉപയോഗിക്കാൻ സാധിക്കില്ല എന്ന് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാണ് അറിയിച്ചത്. എന്നാൽ ഈ വിവരം ഓഡിറ്റ് സമയത്ത് ലഭ്യമായിട്ടില്ലാത്തതാണ്. എന്നിരുന്നാലും ഈ കട്ടകൾ സ്റ്റാക്ക് ചെയ്തിരിക്കുന്നത് പരിശോധിച്ച് അതിന്റെ നിജസ്ഥിതി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-27 ബസ് ഷെൽട്ടർ നിർമ്മാണം ലക്ഷ്യം കൈവരിച്ചില്ല.

മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി MPLADS ഫണ്ട് ഉപയോഗിച്ച് 2018-19 വർഷത്തിൽ മൂവാറ്റുപുഴ കച്ചേരിത്താഴത്ത് ബസ് ഷെൽട്ടർ പണിയുന്നതിന് എറണാകുളം ജില്ലാ കളക്ടർ RA3-55963/18/DPO/EKM/MPLADS (JG-005) നമ്പർ ഭരണാനുമതി നൽകിയിരുന്നു. ₹4000000.00 അടങ്കൽ നിശ്ചയിച്ച പദ്ധതിക്ക് LSGD/TS/2018-19/109711 നമ്പർ സാങ്കേതിക അനുമതിയും ലഭ്യമായിട്ടുണ്ട്. ഇ ടെൻഡർ ചെയ്ത് 05.01.2019-ൽ കരാർ ഒപ്പ് വച്ച് 18.06.2019 ൽ പ്രവൃത്തി പൂർത്തിയാക്കിയെങ്കിലും ഈ പ്രവൃത്തിയുടെ നടത്തിപ്പിലെ അപാകതകൾ സംബന്ധിച്ച് അന്വേഷണവും ഉത്തരവാദികൾക്കെതിരെ നടപടിയും ആവശ്യപ്പെട്ട് ബഹു. മുൻ എം പി അഡ്വ.ജോയ്സ് ജോർജ്, ജില്ലാ കളക്ടർക്ക് നൽകിയ കത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ ചൂണ്ടി കാണിച്ചിട്ടുള്ളതായി 8.10.2020 ന് കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്ട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1. അംഗീകരിച്ച എസ്റ്റിമേറ്റ്, പ്ലാൻ, രൂപകല്പന എന്നിവയിൽ നിന്ന് വ്യത്യസ്തമായി നിർമ്മാണ നടപടികൾ പൂർത്തിയാക്കി.

2. വെയിലത്തും മഴയത്തും ബസ് കാത്ത് നിൽക്കുന്നവർക്ക് സംരക്ഷണം ലഭിക്കുന്നില്ല.

പ്രവൃത്തിയുടെ ഫയൽ (നമ്പർ പി ഡബ്ല്യൂ 3-12155/18) പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1) പരാതിയിൽ അന്വേഷണം നടത്തിയ ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർ നടത്തിയ സൈറ്റ് പരിശോധനയിൽ ഭരണാനുമതി നൽകിയ എസ്റ്റിമേറ്റിൽ നിന്ന് വ്യത്യസ്തമായാണ് പ്രവൃത്തി നടപ്പിലാക്കിയതെന്നും യാത്രക്കാർക്ക് വെയിലിൽ നിന്നും മഴയിൽനിന്നും

സംരക്ഷണം ലഭിക്കുന്നില്ലെന്നും സീറ്റിംഗ് സജ്ജീകരിച്ചിരിക്കുന്നത് പ്രായമായ യാത്രക്കാർക്ക് ഉപകാരപ്രദമായ രീതിയിലല്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2) പി ഡബ്ല്യു ഡി ബിൽഡിംഗ്സ് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനിയറുടെ റിപ്പോർട്ട് പ്രകാരം ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ റൂഫിംഗിന് Corrosion Resistent Aluminium Corrugated Sheet (GI Roof Oralium), High Pressure Laminated Sheet എന്നിവയാണ് സീലിംഗിനായി ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ റൂഫിംഗിന് Tensile PVC Coated Polyster Membrane Fabric ആണുള്ളത്. സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് പ്രകാരം പ്രവൃത്തി പൂർത്തീകരിച്ചുവെങ്കിലും സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ ഉൾപ്പെടാത്ത Stainless Steel Hand Railing, Drainage-നായി പി വി സി പൈപ്പുകൾ അനുബന്ധ ഫിറ്റിംഗ്സ് എന്നിവ സൈറ്റിൽ ചെയ്തു. ബസ് ഷെൽട്ടർ പടിഞ്ഞാറ് വശത്തേക്ക് അഭിമുഖീകരിച്ച് നിൽക്കുന്നതിനാലും ബസ് ബേയ്ക്ക് വേണ്ടി നിർദ്ദേശിച്ചിട്ടുള്ള മിനിമം ക്ലിയറൻസിൽ നിന്നും ഉയരം കൂട്ടി മുകളിലേയ്ക്ക് ചെരിവിൽ നിർമ്മിച്ചതിനാലും വൈകുന്നേരങ്ങളിലുള്ള വെയിലും കാറ്റോട് കൂടിയ മഴയും യാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കുന്നതായി അന്വേഷണത്തിൽ നിന്ന് വ്യക്തമായതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കൂടാതെ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള റൂഫിംഗ് ആയതിനാലും PWD വർക്കുകൾക്ക് ഈ നൂതന മെറ്റീരിയൽ ഉപയോഗിച്ചിട്ടില്ലാത്തതിനാലും ഗുണമേന്മയും ഈട് നിൽക്കുന്നതാണോ എന്ന് പറയാവുന്നതല്ലെന്നും പി ഡബ്ല്യു ഡി ബിൽഡിംഗ്സ് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

3) ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിൽ 26 ഇനം സിവിൽ പ്രവൃത്തികളും ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയുമാണ് ഉണ്ടായിരുന്നത്. ഇവയിൽ 11 ഇനങ്ങൾ മാത്രമാണ് ചെയ്തിട്ടുള്ളത്. ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടില്ല. 14 ഇനങ്ങൾ എക്സ്ട്രാ ഐറ്റംസ് ആയി ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. റിവൈസ് ചെയ്ത എസ്റ്റിമേറ്റിന് 2012 ലെ കേരളാ പി ഡബ്ല്യു ഡി മാനുവൽ, വകുപ്പ് 1601.1.6 പ്രകാരം ഭരണാനുമതി വാങ്ങേണ്ടതായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

4) ബഹു.ജില്ലാ കളക്ടറുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ബസ് ഷെൽട്ടർ പ്രയോജനപ്രദമാക്കുന്നതിന് പി ഡബ്ല്യു ഡി ബിൽഡിംഗ്സ് വിഭാഗം എക്സിക്യൂട്ടിവ് എഞ്ചിനിയർ, എൽ എസ് ജി ഡി എക്സിക്യൂട്ടിവ് എഞ്ചിനിയർ, മൂവാറ്റുപുഴ നഗരസഭാ സെക്രട്ടറി എന്നിവരെ ഉൾപ്പെടുത്തി റീസ്ട്രക്ചറിംഗ് കമ്മിറ്റി രൂപീകരിച്ചു. 5.50 മീറ്റർ ഉയരമുള്ള വെയ്റ്റിംഗ് ഷെഡ്ഡിന്റെ പ്ലാറ്റ്ഫോമിന്റെ അകത്ത് ഒതുങ്ങുന്ന രീതിയിൽ പ്ലാറ്റ് ഫോമിന്റെ അത്ര നീളത്തിലും വീതിയിലും നിലവിലുള്ള മേൽക്കൂരയ്ക്ക് താഴെ 2.40 മീറ്റർ ഉയരത്തിൽ ഒരു ഷെഡ് നിർമ്മിക്കുന്നതിന് പോളി കാർബണേറ്റ് ഷീറ്റ്, സ്റ്റീൽ സ്ക്വയർ ട്യൂബ് എന്നിവ ഉപയോഗിച്ചുള്ള ട്രസ്സ് വർക്ക് ഉൾപ്പെടുത്തി ₹260000.00 തനത് ഫണ്ട് അടങ്കലിൽ പ്രൊജക്ട് തയ്യാറാക്കിയെങ്കിലും പൂർത്തീകരിച്ചില്ല.

5) വൗച്ചർ നമ്പർ 98/24.01.2023 പ്രകാരം ₹3614082.00 മൂല്യനിർണ്ണയം നടത്തിയിട്ടുള്ള ആദ്യത്തെ പ്രവൃത്തിയുടെ നിയമാനുസൃത കിഴിവുകൾ കഴിച്ച് ₹3043168.00 കരാറുകാരനായ ശ്രീ.റെസ്വി എം എ-യ്ക്ക് നൽകിയിട്ടുണ്ട്. PW3-19696/22 നമ്പർ ഫയലിൽ 26.11.2022 ന് കളക്ടേറ്റിൽ നടന്ന എറണാകുളം വികസന സമിതി വെയ്റ്റിംഗ് ഷെഡ്ഡ് തുരുമ്പെടുത്ത് യാത്രക്കാർക്ക് അപകടം സംഭവിക്കാമെന്ന അവസ്ഥയിലാണെന്ന് വിലയിരുത്തിയിട്ടുണ്ട്. ഇത് പരിഹരിച്ചോയെന്ന് അറിയിക്കേണ്ടതും ബസ് ഷെൽട്ടർ ഉദ്ദേശ്യ ലക്ഷ്യം കൈവരിക്കുന്നതിന് റീ സ്ട്രക്ച്ചറിംഗ് കമ്മിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിച്ച് ആദ്യ നിർമ്മാണത്തിലെ അപാകതകൾ പരിഹരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണെന്നുമാവശ്യപ്പെട്ട് 17.01.2024 ൽ 12ാം നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയതിന് മറുപടി ലഭ്യമാക്കി.

പ്രവൃത്തി സംബന്ധിച്ച പരാതികൾ അടിസ്ഥാനരഹിതമാണെന്നും സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ പദ്ധതിയുടെ സർഗ്ഗാത്മകത, സൃഷ്ടിപരത, ബൗദ്ധികത എന്നിവയും നാട്ടിലെ ഭൂമിശാസ്ത്രപരവും കാലാവസ്ഥാപരവുമായ പരിമിതികൾ എന്നിവ കണക്കിലെടുക്കാതെയുമാണെന്നും മറുപടിയിൽ വിശദീകരിച്ചിട്ടുണ്ട്. മനുഷ്യർക്ക് ഹാനികരവും അസഹനീയവുമായ സൂര്യരശ്മികൾ പതിക്കുന്ന പൂർവ്വാഹ്നം 10 മണി മുതലും അപരാഹ്നം 4 മണിവരെയുമുള്ള സമയത്ത് സൂര്യരശ്മികൾ പതിക്കാത്ത വിധത്തിലാണ് നിർമ്മാണമെന്നും അതിന് ശേഷമുള്ള സൂര്യരശ്മികൾ കൊള്ളുന്നത് മനുഷ്യനൾപ്പെടെയുള്ള ജീവജാലങ്ങൾക്ക് വിറ്റാമിൻ ഡി ഉൾപ്പെടെയുള്ള ഘടകങ്ങൾ നിലനിർത്തുന്നതിനും ആരോഗ്യസംരക്ഷണത്തിനും അത്യന്താപേക്ഷിതമാണെന്ന് ശാസ്ത്രീയമായി കണ്ടെത്തിയിട്ടുള്ളതുമാണെന്ന മറുപടി ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. മനുഷ്യ ശരീരത്തിൽ വൈറ്റമിൻ ഡി ഉത്പാദിപ്പിക്കുന്നതിന് ഇന്ത്യയിൽ സൂര്യപ്രകാശം ഏൽക്കേണ്ട സമയം രാവിലെ പത്ത് മണിക്കും ഉച്ചതിരിഞ്ഞ് 3 മണിക്കും ഇടയിലാണെന്നിരിക്കെ (അവലംബം: Vitamin D Status And Sun Exposure In India (National Library Of Medicine) വസ്തുതാ വിരുദ്ധവും അശാസ്ത്രീയവുമായ വാദങ്ങൾ വിശദീകരണക്കുറിപ്പിൽ ഉൾപ്പെടുത്തിയിട്ടുള്ളത് മരാമത്ത് പ്രവൃത്തിയിൽ വിദഗ്ധർ കണ്ടെത്തിയ അപാകതകളെ ന്യായീകരിക്കാൻ പര്യാപ്തമായതോ സർക്കാർ സംവിധാനത്തിന് ചേർന്നതോ അല്ല. നിർമ്മിതിയുടെ മേൽക്കൂരയിൽ സ്റ്റീൽ ഭാഗങ്ങൾ തുരുമ്പ് പിടിച്ച് തുടങ്ങിയിട്ടുണ്ടെങ്കിലും ആയത് അപകട ഹേതുവല്ലെന്നും റൂഫിംഗിന് ഉപയോഗിച്ചിട്ടുള്ളത് ഗുണനിലവാരമുള്ള മെറ്റീരിയലാണെന്നും അവ പരിശോധിക്കാനുള്ള സംവിധാനം തദ്ദേശീയമായി ഇല്ലായെന്നുള്ളത് ഉപയോഗിക്കാതിരിക്കാനുള്ള കാരണമായി പരിഗണിക്കാൻ കഴിയില്ലെന്നും മറുപടിയിൽ ചേർത്തിട്ടുണ്ട്. പി ഡബ്ല്യൂ ഡി എക്സിക്യൂട്ടീവ് എഞ്ചിനിയർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവരുടെ

റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലായതിനാൽ ഓഡിറ്റ് നിരീക്ഷണം അടിസ്ഥാനരഹിതമായ ആരോപണങ്ങളാണെന്ന മറുപടിയും ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. റീസ്ട്രക്ചറിംഗിന് ടെൻഡർ ചെയ്ത് കരാർ നൽകിയെങ്കിലും തുക കണ്ടെത്താൻ കഴിയാത്തതിനാൽ ടി നിർമ്മാണം നാളിതുവരെ നടത്താൻ കഴിഞ്ഞിട്ടില്ലെന്നും അറിയിച്ചിട്ടുണ്ട്.

ബസ് ഷെൽട്ടറിന്റെ ചിത്രം താഴെ കൊടുക്കുന്നു.





പ്രവൃത്തി സംബന്ധിച്ച ഓഡിറ്റ് നിരീക്ഷണം ചുവടെ ചേർക്കുന്നു.

എ) എസ്റ്റിമേറ്റ് റിവൈസ് ചെയ്തപ്പോൾ 2012 ലെ കേരളാ പി ഡബ്ല്യു ഡി മാനുവൽ, വകുപ്പ് 1601.1.6 പ്രകാരം ഭരണാനുമതി വാങ്ങിയില്ല.

ബി) മിനിമം ക്ലിയറൻസിൽ നിന്നും ഉയർത്തി ചരിവിൽ മേൽക്കൂര നിർമ്മിച്ചത് മൂലം വെയിലത്തും മഴയത്തും ബസ് കാത്ത് നിൽക്കുന്നവർക്ക് സംരക്ഷണം ലഭിക്കുന്നില്ല. ഇരിപ്പിടം പ്രയോജനപ്രദമല്ല.

സി) റൂഫിംഗ് മെറ്റീരിയലിന്റെ ഗുണമേന്മ, ഈട് എന്നിവ എഞ്ചിനിയറിംഗ് വിഭാഗത്തിന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

ഡി) വെയ്റ്റിംഗ് ഷെഡ്ഡ് തുരുമ്പെടുത്ത് യാത്രക്കാർക്ക് അപകടം സംഭവിക്കാമെന്ന അവസ്ഥ നിലനിൽക്കുന്നതായി വികസന സമിതി വിലയിരുത്തിയിട്ടുണ്ട്.

ഇ) MPLAD ഫണ്ട് പാഴ്ചെലവായി പരിണമിക്കുകയും നഗരസഭയുടെ തനതുഫണ്ടിൽ നിന്ന് റീസ്ട്രക്ച്ചറിംഗിന് തുടർച്ചയായി തുക വിനിയോഗിക്കേണ്ട അവസ്ഥയിലാണ്.

എഫ്) 18.06.2019 ൽ പൂർത്തിയായ പ്രവൃത്തിയുടെ അപാകത നാളിതുവരെ പരിഹരിച്ചിട്ടില്ല.

നിർമ്മാണപ്രവൃത്തികളിൽ ഇത്തരം അപാകതകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതും അപകടാവസ്ഥയ്ക്ക് പരിഹാരം കാണേണ്ടതും റീസ്ട്രക്ചറിംഗ് പൂർത്തീകരിച്ച് ബസ് ഷെൽട്ടർ ഉപയോഗപ്രദമാക്കുകയും ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-28 മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല

2022-23 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ, ഗവ. ഹോസ്പിറ്റൽ മൂവാറ്റുപുഴ നഗരസഭയിൽ നടപ്പിലാക്കിയ വിവിധ പ്രോജക്ടുകളിൽ മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

1)

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം. | ക്യാൻസർ രോഗ മരുന്നു വാങ്ങൽ ,174/23 |
| അടങ്കൽ തുക | ₹400000/-, മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| ആകെ ചെലവ് തുക | ₹399998/-, മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| തുക/ബിൽനം./ തീയതി | ₹399998/24/2022-23,17.12.2022 |

മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി ആകെ ₹399998/- നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹311469/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹88529/-യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹88529/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2)

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം . | ജീവിത ശൈലീ രോഗങ്ങൾക്ക് മരുന്നു വാങ്ങൽ, 11/23 |
| അടങ്കൽ തുക | ₹ 600000/- , മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| ആകെ ചെലവ് തുക | ₹600000/- , മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| തുക/ബിൽനം/ തീയതി | 1)₹256944/- , 23/2022-23, 17.12.2022<br>2)₹343056/- , 22/2022-23,30.11.2022 |

മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പട്ടികയിലെ ബിൽ നം. 1 പ്രകാരം ₹256944/- നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹194373/- യുടെ മരുന്നുകൾ ലഭ്യമായി

സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹62571/- യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. കൂടാതെ പട്ടികയിലെ ബിൽ നം. 2 പ്രകാരം ₹343056/- നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹250073/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹92983/- യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹155554/- (62571 +92983)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3)

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | സൈക്യാട്രി മരുന്നു വാങ്ങൽ 12/23 |
| അടങ്കൽ തുക | ₹500000/-, മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| ആകെ ചെലവ് തുക | ₹500000/-, മെയിന്റനൻസ് ഫണ്ട്, റോഡിതരം |
| തുക/ബിൽനം/ തീയതി | 1)200000/21/2022-23, 30.11.2022<br>2)300000/27/2022-23,17.12.2022 |

മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പട്ടികയിലെ ബിൽ നം. 1 പ്രകാരം ₹200000/- നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ - ₹87170/-യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹112830/- യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. കൂടാതെ പട്ടികയിലെ ബിൽ നം. 2 പ്രകാരം ₹300000/- രൂപ നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹242481/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹57519 /- യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹170349/- (112830 +57519) യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

4)

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | ക്യാൻസർ വിമുക്ത പരിപാടി , 198/2022-23 |
| അടങ്കൽ തുക | ₹ 350000/-, വികസന ഫണ്ട്, പൊതു വിഭാഗം |
| ആകെ ചെലവ് തുക | ₹ 338203/-, വികസന ഫണ്ട്, പൊതു വിഭാഗം |
| തുക/ബിൽ നം./ തീയതി | 1)1350/-, 68/2022-23, 28.3.2023<br>2)13464/-, 71/2022-23, 28.3.2023<br>3)53436/-, 67/2022-23 ,28.3.2023<br>4)23422/-, 66/2022-23,28.3.2023<br>5)28835/-, 64/ 2022-23 ,23. 3.2023<br>6)11793/-, 63/2022-23 ,24.3.2023<br>7)89444/-, 51/2022-23 ,25.2.2023<br>8)4138/-, 47/2022-23 ,25.2.2023<br>9)3914/-, 39/2022-23 ,4.2.2023 |

| | |
|---|---|
| | 10)22474/-, 38/2022-23 ,4.2.2023<br>11)8010/-, 28/2022-23 ,17.12.2022<br>12)400/-, 33/2022-23 ,20.1.2023<br>13)77523/-, 35/2022-23 ,20.1.2023 |

മേൽ പ്രോജക്റ്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പട്ടികയിലെ ബിൽ നം. 6 പ്രകാരം ₹11793/- നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹6305/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹5488/- യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. കൂടാതെ പട്ടികയിലെ ബിൽ നം. 13 പ്രകാരം ₹77523/- നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹35430/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹42093/- യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹47581/- (5488+42093)യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

5)

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | പാലിയേറ്റീവ് കെയർ പ്രവർത്തനം ,9/2022-23 |
| അടങ്കൽ തുക | ₹ 1123000/-, വികസന ഫണ്ട്, പൊതു വിഭാഗം |
| ആകെ ചെലവ് തുക | ₹ 1123000/- വികസന ഫണ്ട്, പൊതു വിഭാഗം |
| തുക/ബിൽനം/ തീയതി | 1)11371/- , 14/2022-23 , 29.7.2022<br>2)48300/- , 12/2022-23 , 11.7.2022<br>3)165883/- , 11/2022-23 , 11.7.2022<br>4)21380/- , 16/2022-23 , 25.10.2022<br>5)14957/- , 62/2022-23 , 23.3.2023<br>6)21260/- , 65/2022-23 , 23.3.2023<br>7)42111/- , 70/2022-23 , 28.3.2023<br>8)80086/-, 73/2022-23 , 28.3.2023<br>9)14360/- , 75/2022-23 , 28.3.2023<br>10)13955/- , 48/2022-23 , 25.2.2023<br>11)11766/- , 52/2022-23 , 27.2.2023<br>12)32990/- , 54/2022-23 , 1.3.2023<br>13)165479/-, 57/2022-23 , 23.3.2023<br>14)34650/- , 40/2022-23 , 4.2.2023<br>15)29605/-, 58/2022-23 , 23.3.2023<br>16)32460/- , 44/2022-23 , 27.2.2023<br>17)16394/- , 46/2022-23 , 25.2.2023<br>18)32760/-, 37/2022-23 , 4.2.2023<br>19)25700/- , 34/2022-23 , 20.1.2023<br>20)12160/- , 29/2022-23 , 17.12.2022<br>21)25690/- , 31/2022-23 , 17.12.2022<br>22)117019/- , 25/2022-23 , 17.12.2022<br>23)102820/- ,17/2022-23 , 28.10.2022<br>24)34650/- , 19/2022-23, 4.11.2022<br>25)15194/- , 20/2022-23 , 28.11.2022 |

മേൽ പ്രോജക്റ്റ് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി നിർവഹണോദ്യോഗസ്ഥൻ പട്ടികയിലെ ബിൽ നം. 8 പ്രകാരം ₹80086/- കേരള മെഡിക്കൽ സർവീസസ്

കോർപ്പറേഷന് നൽകിയിട്ടുണ്ട്. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ ₹80086/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

6)

| | |
|---|---|
| പ്രോജക്ടിന്റെ പേര് /നം | സ്വാന്തനം പാലിയേറ്റീവ് പരിചരണം , 47/23 |
| അടങ്കൽ തുക | ₹ 292422/-, വികസന ഫണ്ട്, പൊതു വിഭാഗം |
| ആകെ ചെലവ് തുക | ₹ 292422, വികസന ഫണ്ട്, പൊതു വിഭാഗം |
| തുക/ബിൽനം/ തീയതി | 1)168412/- , 3/2022-23 ,13.5.2022<br>2)30279/- , 6/2022-23 ,13.5.2022<br>3)37320/- , 5/2022-23 ,13.5.2022<br>4)56411/- , 4/2022-23 , 13.5.2022 |

മേൽ പ്രോജക്ട് പ്രകാരം മരുന്നുകൾ വാങ്ങുന്നതിനായി പട്ടികയിലെ ബിൽ നം. 1 പ്രകാരം ₹168412/- രൂപ നിർവഹണോദ്യോഗസ്ഥൻ കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. ആയതിൽ ₹159668/- യുടെ മരുന്നുകൾ ലഭ്യമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. ബാക്കി ₹8744/-യുടെ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതുവരെ ₹8744/- യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**1-29 പ്രവൃത്തി ചെയ്ത സ്ഥലം എം ബുക്കിൽ രേഖപെടുത്തിയിട്ടില്ല.**

താഴെ പറയുന്ന പ്രവൃത്തികളിൽ ടാറിംഗ് ചെയ്ത റോഡുകളുടെ വിവരം എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല.

1)

| | |
|---|---|
| പ്രവൃത്തി | വാർഡ് 2- റോഡ് അറ്റകുറ്റപണികൾ |
| പ്രൊജക്ട് നം. | S0078/23 |
| എസ്റ്റിമേറ്റ് | ₹6,00,000/- |
| കരാറുകാരൻ | എൻ എ സുമീർ |
| എം. ബുക്ക്. | 10/21-22 |
| ആകെ ചെലവ് | Bill No. 529/25-3-22, ₹4,59,898/-, Bill No. 451/28-3-23 ₹54,780/- |

ഈ പ്രൊജക്ടിന്റെ പേര് വാർഡ് 2- റോഡ് അറ്റകുറ്റപണികൾ എന്നാണെങ്കിലും എസ്റ്റിമേറ്റ് പ്രകാരം മൂന്ന് റോഡുകൾ റീടാറിംഗ് ചെയ്യുകയാണ് പ്രവൃത്തി. ഇതിൽ ആയുർവേദ ഹോസ്പിറ്റൽ റോഡ് 30 മീറ്ററും (105 $M^2$) കെ എം ജോർജ് റോഡ് 500 മീറ്ററും (1500$m^2$) ഇ എം എസ് നഗർ റോഡ് 50 മീറ്ററും (150 $M^2$) റീടാറിംഗ് ചെയ്യുകയാണ് എസ്റ്റിമേറ്റ്. ഇതിൽ 531.50 മീറ്റർ റോഡ് (1560$m^2$) റോഡ് 27-12-21 -ൽ പണി പൂർത്തിയാക്കുകയും ഇതിന്റെ ഫസ്റ്റ് പാർട്ട് ബില്ല് പ്രകാരം (529/25-3-22) ₹4,59,898/- നൽകുകയും ചെയ്തു. പിന്നീട് ഒരു വർഷം കഴിഞ്ഞ് 15-12-22- ൽ 66.80 മീറ്റർ റോഡ് (210 $M^2$) റീടാറിംഗ് ചെയ്യുകയും അതിന്റെ തുക ₹54,780/- Bill No. 451/28-3-23 പ്രകാരം നൽകി. ഇ-എംബുക്കിൽ പ്രവൃത്തി ചെയ്ത റോഡിന്റെ പേര്

രേഖപ്പെടുത്തിയിട്ടില്ല.